Copyright.
Licence No. 14.

17-6-'26

ബാലമിത്രം

ക്രിസ്തുമസ് ലക്കം
ഡിസംബർ ൧൯൨൬



Courtesy *World Friends*

Balamitrom

A monthly Magazine for boys and girls
(Malayalam edition of The Treasure Chest)
Annual Subscription Re. 1/-

For copies apply to :

The Manager,
Balamitrom, Tiruvalla,
Travancore

The Treasure Chest

An illustrated monthly Magazine for boys and girls in English.

Annual Subscription Rs. 2/-

Send subscriptions and orders to :

Miss K. E. MUNSON, M. A.,
8 Eagles Street,
Bangalore

ബാലലീല ക-ം ഖ-ം ഭാഗങ്ങൾ

ഈ മാസികയിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള നല്ല കഥകൾ ചേർത്തു പ്രസിദ്ധികരിച്ചിട്ടുള്ള രണ്ടു പുസ്തകങ്ങൾ. വില 4-ം 6-ം അണവീതം.

മാനേജർ,
സി. എം. എസ്സ്. പ്രസ്സ്,
കോട്ടയം
എന്ന മേൽവിലാസത്തിൽ അപേക്ഷിക്കുക.

ബാലമിത്രം

ഒരു ബാലകിയ മാസിക

വരിസംഖ്യ വിവരം

ഒരു കൊല്ലത്തേക്ക് ഒരു പ്രതിക്ക വില രൂപാ	1
6 പ്രതികൾക്ക് (ഒരേ മേൽവിലാസത്തിൽ) രൂപാ	5
12 പ്രതികൾക്ക് (ഒരേ മേൽവിലാസത്തിൽ) രൂപാ	9

വി. പി. അയക്കണമെങ്കിൽ 3 അണ കൂടുതൽ.

വരിസംഖ്യ മുൻകൂറയയ്ക്കയൊ ആദ്യത്തെ ലക്കത്തിനു വി. പി. അയക്കാൻ സമ്മതിക്കയൊ ചെയ്യുന്നവകളല്ലാതെ മാസിക അയയ്ക്കുന്നതല്ല.

സ്ഥിരം വരിക്കാരുടെ വരിസംഖ്യ എന്നു തിരുമെന്നു വിചാരിക്കുവാൻ നോക്കിയാൽ മനസ്സിലാകാം. ഉദാഹരണമായി, "4-42" എന്നു മേൽവിലാസത്തോടു ചേർത്തു അച്ചടിച്ചിരുന്നാൽ 42 ഏപ്രിൽമാസത്തിൽ വരിസംഖ്യ തിരുമെന്നു മനസ്സിലാക്കണം.

പുതിയ അപേക്ഷകൾ, മേൽവിലാസം മാറേണ്ട വിവരം, വരിസംഖ്യ മുതലായവ മാനേജർ, ബാലമിത്രം, തിരുവല്ലാ, എന്ന മേൽവിലാസത്തിൽ അയക്കുക.

വിഷയവിവരം

		പുറം.
1.	ക്രിസ്തുമസ്—1941	1
2.	ജീവിതകഥകൾ—	
	(1) സർ വില്യം ഹെർഷൽ	2
	(2) മഹാദേവ ഗോവിന്ദറാനഡെ	4
3.	കഥാപംക്തി—	
	(1) സൂസന്റെ സഹോദരിമാർ	6
	(2) മൂന്നു ചോദ്യങ്ങൾ	8
	(3) ചീത്ത കുരങ്ങു നല്ല കുരങ്ങായി	10
4.	ഭൂമിശാസ്ത്രപംക്തി—	
	(1) ഗ്രീൻലണ്ടുരാജ്യകാർ	11
	(2) കണ്ണാവുചെടി	14
5.	ചരിത്രപാഠം—ഒന്നാം നൂറ്റാണ്ടിലെ റോമ്മാസാമ്രാജ്യം	17
6.	കമ്പിത്തപാൽ	20
7.	ആരോഗ്യപംക്തി—	
	(1) ശുദ്ധജലം	21
	(2) ഭൂരുമ്പു ആരോഗ്യത്തിനു ഗുണകരം	21
8.	ബാലപംക്തി—നീതിവഴി	22
9.	കൊച്ചുകുഞ്ഞിനെ വായിച്ചു കേൾപ്പിക്കാൻ— അമ്മുവും ലീലയും	23
10.	ബാലമിത്രസന്ദേശം	കവർ 3

ബാലമിത്രം

പുസ്തകം ഏഴ് | വൃശ്ചികം 1117. ഡിസംബർ 1941. | ലക്കം ൪

ക്രിസ്തുമസ്

ക്രിസ്തുമസ് കാലം പ്രായേണ എല്ലാ രാജ്യക്കാരും സന്തോഷത്തോടും ഉത്സാഹത്തോടും കഴിക്കുന്ന ദിവസങ്ങളാണ്. എന്നാൽ ഈ കൊല്ലത്തെ ക്രിസ്തുമസ് സാധാരണ കഴിക്കുന്നതിൽ വളരെ വ്യത്യസ്തമായിട്ടെ കൊണ്ടാടാൻ നിവൃത്തിയുള്ളൂ. സേച്ഛാപ്രഭുക്കളായ ഹിറ്റ്ലർ മുതലായ ഏതാനും ചിലരുടെ ഭ്രാന്തുമൂലം ലോകം മുഴുവനും ഭയങ്കരമായ യുദ്ധത്തിൽ കുടുങ്ങി കഷ്ടപ്പെടുമ്പോൾ എങ്ങനെയാണ് നാം സന്തോഷിക്കുക.

നാം വർഷംതോറും ഉത്സാഹത്തോടെ ഏതൊരു ദിവ്യപുരുഷന്റെ ജന്മദിനം കൊണ്ടാടുമ്പോഴും അദ്ദേഹത്തിന്റെ സ്നേഹമാർഗ്ഗവും അതിന്റെ പ്രമാണങ്ങളും നമ്മുടെ സാമൂഹ്യജീവിതത്തിന്റെ സൌഭാഗ്യത്തെ വർദ്ധിപ്പിക്കുന്നതിനു എത്രമാത്രം പറ്റിയതാണെന്നോക്കാതെ നമ്മുടെ ലോകം അനേകവർഷം ജീവിച്ചതിന്റെ ഫലമാണ് ഇപ്പോഴത്തെ ലോകത്തിന്റെ വിഷമങ്ങൾ.

ശാസ്ത്രപരമായി വിദഗ്ദ്ധന്മാർ കണ്ടുപിടിച്ചു ലോകത്തിനു പ്രദാനം ചെയ്തിരിക്കുന്ന തത്ത്വങ്ങളേയും പ്രമാണങ്ങളെയും പരിശോധിച്ചു പ്രായോഗികവും പ്രയോജനകരവുമെന്നു തോന്നുന്നവയെ നമ്മുടെ വ്യവസായങ്ങളിലും മറ്റും നാം ഉപയോഗിക്കുന്നു. ഗ്രാമഫോൺ, റേഡിയോ, വിമാനം, വിദ്യുൽദ്ദീപം മുതലായവ ഇപ്പോൾ ലോകത്തിലെങ്ങും സർവ്വസാധാരണമായി തീർന്നിട്ടുണ്ടല്ലോ. അവയുടെ പ്രയോജനം ലോകം അനുഭവിക്കുന്നുമുണ്ട്.

പക്ഷേ ലോകഗുരുക്കന്മാർ നമ്മെ കാണിക്കുകയും പഠിപ്പിക്കുകയും ചെയ്തിട്ടുള്ള ആദ്ധ്യാത്മികവും ദൈവികവുമായ പ്രമാണങ്ങളെ അങ്ങുമിങ്ങും ചിലരൊഴിച്ചു ലോകം പൊതുവേ പ്രയോഗിച്ചു നോക്കുന്നില്ല എന്നു സമ്മതിക്കാതെ തരമില്ല.


മനുഷ്യർ വർണ്ണവർഗ്ഗവ്യത്യാസം കൂടാതെ അന്യോന്യം സ്നേഹിക്കണമെന്നും, സാമൂഹ്യജീവിതത്തിൽ സ്നേഹപ്രമാണങ്ങൾ ഉപയോഗിക്കണമെന്നും യേശുക്രിസ്തു ലോകത്തെ പഠിപ്പിക്കുകയും തന്റെ സ്വന്ത ജീവിതത്തിൽ അവയെ പ്രയോഗിച്ചു കാണിക്കുകയും ചെയ്തിട്ടുണ്ട്. പക്ഷേ അദ്ദേഹത്തിന്റെ അനുയായികൾ എന്നു ഘോഷിക്കുന്നവർപോലും ആ പ്രമാണങ്ങളെ വളച്ചു തിരിക്കുകയും വഷളാക്കുകയും ചെയ്തിരിക്കുന്നതുകൊണ്ടു അവയെ ശരിയായ രീതിയിൽ പ്രയോഗിക്കാൻ നിവൃത്തിയില്ലാതെ ആയിട്ടുണ്ട്.



അവിടുത്തെ വിശിഷ്ടമൊഴികൾ എല്ലാ കാലത്തും പ്രായോഗികമാണ്. അവ എല്ലാ മനുഷ്യർക്കും ശാന്തി നല്കുന്നവയുമാണ്.

"അന്യരെ വിധിക്കരുത്. അന്യർ നിങ്ങളോടു എങ്ങനെ വർത്തിക്കണമെന്നു നിങ്ങൾ ആഗ്രഹിക്കുന്നുവോ അതുപോലെ നിങ്ങളും അപരരോടു വർത്തിക്കുക.

ശത്രുക്കളെ സ്നേഹിക്കുക. നിങ്ങളെ ദ്വേഷിക്കുന്നവർക്കു നന്മ ചെയ്യുക.



ലിലിപുഷ്പങ്ങളെ നോക്കുക. അവ വിഷമിച്ചു ജോലി ചെയ്യുന്നില്ല. നൂൽ നൂൽക്കുന്നുമില്ല. എങ്കിലും സോളമൻ അത്തേഹത്തിന്റെ പ്രഭാവകാലത്തുപോലും അവയിൽ ഒന്നിനെപ്പോലെ മനോഹരമായി വസ്ത്രധാരണം ചെയ്തിരുന്നില്ല.

പക്ഷികളെ നോക്കുവിൻ. അവ വിതയ്ക്കുന്നില്ല, കൊയ്യുന്നില്ല, കളപ്പുരയിൽ കൂട്ടിവയ്ക്കുന്നുമില്ല. എങ്കിലും സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവു അവയെ പുലർത്തുന്നു.

ദരിദ്രർ ഭാഗ്യവാന്മാരാണ്, സ്വർഗ്ഗരാജ്യം അവരുടേതാകുന്നു. സൌമ്യതയുള്ളവർ ഭാഗ്യവാന്മാരാണ്, അവർ ലോകത്തെ അവകാശമായി അനുഭവിക്കും.

ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും അന്യോന്യം സ്നേഹിക്കണം. സ്നേഹിതന്മാർക്കുവേണ്ടി മരിക്കുന്നതിനേക്കാൾ വലിയ സ്നേഹം ആർക്കുമില്ല.

ലോകാവസാനംവരെ ഞാൻ നിങ്ങളോടുകൂടെ ഉണ്ടായിരിക്കും.”

ഈ മൊഴികൾ എല്ലാ മനുഷ്യർക്കും ആശ്വാസവും ശാന്തതയും നല്കുന്നവയല്ലേ?

പാലസ്റ്റൈയിനിൽ 1941 വർഷം മുമ്പു ജനിച്ച ശിശുവിന്റെ ജന്മദിവസത്തെ നാം കൊണ്ടാടുമ്പോൾ നാം ഈ വിശിഷ്ട വാക്കുകളെക്കുറിച്ചു നല്ലവണ്ണം ചിന്തിക്കേണ്ടതാണ്.



ജീവിതകഥകൾ

1. ജ്യോതിശാസ്ത്രജ്ഞനായ സർ വില്യം ഹെർഷൽ

ലോകചരിത്രത്തിന്റെ ഏതു ഘട്ടത്തിലും മഹാന്മാർ ഉണ്ടായിട്ടുണ്ട്. അവരിൽ മിക്കവരുടേയും ജീവിതകാലത്തു അവരുടെ മാഹാത്മ്യം മറ്റുള്ളവർ ശരിയായി അറിഞ്ഞിട്ടില്ല. പലരുടേയും ജീവിതകാലത്തുണ്ടായിരുന്ന നേതാക്കന്മാർ അവരെ നിന്ദിക്കുകയും ഉപദ്രവിക്കുകയും ചെയ്തിട്ടുണ്ട്. പൊതുലോകം സ്വീകരിച്ചുവന്നിരുന്ന ആചാരമര്യാദകളേയും ചട്ടങ്ങളേ

യും നിഷേധിക്കുവാൻ മഹാന്മാർ മടിച്ചിട്ടില്ല. മാത്രമല്ല, കോക്രൂടി ഉത്തമവും നവീനവുമായ മാർഗ്ഗങ്ങൾ അവർ ചൂണ്ടിക്കാണിക്കുകയും ചെയ്തിട്ടുണ്ട്. ഭൂതകാലസംഭവങ്ങൾ പരിശോധിച്ചിട്ടു ഭാവികാലലക്ഷണങ്ങൾ മനസ്സിലാക്കുവാൻ അവർ പ്രാപ്തരായിരുന്നു. അതിനാലത്രെ അവർ അന്യരുടെ നിന്ദയ്ക്കും വിദ്വേഷത്തിനും പാത്രീഭൂതരായതു്. എന്നാൽ ചുരുക്കം ചിലർ തങ്ങളുടെ ജീവിതകാലത്തു തന്നെ പ്രശംസയും പ്രോത്സാഹനവും ലഭിച്ചിട്ടുണ്ട്. അങ്ങനെയുള്ള ഒരു മഹാന്റെ ജീവചരിത്രമാണ് ഇവിടെ പ്രസ്താവിക്കുവാൻ ഭാവിക്കുന്നതു്.

പ്രഡറിക്ക് വില്യം ഹെഷ്ൽ ജർമ്മനിയിൽ ഹാനോവർ എന്ന പട്ടണത്തിൽ 1738 നവംബർ 15-ാം തിയതി ജനിച്ചു. അദ്ദേഹത്തിന്റെ അച്ഛൻ ജർമ്മൻ സൈന്യത്തിലെ ഒരു പാട്ടുകാരനായിരുന്നു. അതിനാൽ അദ്ദേഹത്തിനു ബാല്യകാലം മുതൽ തന്നെ സംഗീതത്തിൽ പ്രത്യേക പരിചയം ലഭിക്കുവാനിടയായിട്ടുണ്ട്. ഹെഷ്ലിനും സഹോദരീസഹോദരന്മാക്കും സ്വന്തമായി സംഗീതോപകരണങ്ങൾ ഉണ്ടായിരുന്നു: അതൊക്കെ ആകർഷണീയമായ രീതിയിൽ ഉപയോഗിക്കുവാൻ അവർക്കു സാമർത്ഥ്യവുമുണ്ടായിരുന്നു.

ബാല്യംമുതൽ തന്നെ നമ്മുടെ കഥാപുരുഷൻ നക്ഷത്രങ്ങളുടെ സ്ഥിതിഗതികൾ പരിശോധിക്കുവാൻ താല്പര്യം പ്രദർശിപ്പിച്ചു വന്നു. അവയെപ്പറ്റി കൂടുതലായി പഠിക്കണമെന്നു അദ്ദേഹം വളരെ വാഞ്ഛിച്ചു. സംഗീതവും അദ്ദേഹത്തിനു വളരെ കൗതുകപ്രദമായിരുന്നു. അദ്ദേഹവും സഹോദരന്മാരും സംഗീതത്തിലുള്ള സാമർത്ഥ്യംകൊണ്ടു് ഉപജീവനമാർഗ്ഗം കണ്ടുപിടിച്ചുകൊള്ളുമെന്നു പലരും അഭിപ്രായപ്പെട്ടു.

അച്ഛനു തുച്ഛമായ ഒരു ശമ്പളമേ ലഭിച്ചിരുന്നുള്ളൂ. അതിനാൽ കുട്ടികൾക്കു കുടുംബസംരക്ഷണത്തിൽ അദ്ദേഹത്തെ സഹായിക്കേണ്ട ചുമതല നേരത്തേതന്നെ കയ്യേല്ക്കേണ്ടിവന്നു. പ്രായപൂർത്തിയാകുന്നതിനു മുൻപുതന്നെ വില്യം പട്ടാളത്തിൽ ഒരു പാട്ടുകാരനായി ഉദ്യോഗം സ്വീകരിച്ചു.

അനാരോഗ്യം നിമിത്തം 19-ാമത്തെ വയസ്സിൽ വില്യം ഉദ്യോഗം ഉപേക്ഷിച്ചു. പിന്നീടു് അദ്ദേഹം ഇംഗ്ലണ്ടിലേക്കു പോയി. അവിടെയും സംഗീതത്തിലുണ്ടായിരുന്ന സാമർത്ഥ്യംമൂലം അദ്ദേഹം മാന്യമായി ജീവിക്കുന്നതിനു പ്രാപ്തനായിത്തീർന്നു.

ഒരു ദിവസം ഹെഷ്ൽ ജ്യോതിശ്ശാസ്ത്രം സംബന്ധിച്ച ഒരു പുസ്തകം കാണാനിടയായി. അതു താഴെ വയ്ക്കുന്നതിനുപോലും മനസ്സു വരാതെ അദ്ദേഹം അനേകം പ്രാവശ്യം വായിച്ചു. പിന്നീടു ജ്യോതിശ്ശാസ്ത്രം സംബന്ധിച്ചു ലഭിച്ച സകല പുസ്തകങ്ങളും അദ്ദേഹം ആർത്തിയോടുകൂടി വായിച്ചു. അദ്ദേഹത്തിനു ഉന്നതവിദ്യാഭ്യാസം സിദ്ധിച്ചിരുന്നില്ല. എന്നാൽ ധാരാളം പുസ്തകങ്ങൾ വായിച്ചതിനാൽ അദ്ദേഹത്തിനു പല വിഷയങ്ങളിലും വലിയ പാണ്ഡിത്യം സിദ്ധിച്ചു. സന്ധ്യകളുണ്ടായിരുന്നപ്പോഴെല്ലാം അദ്ദേഹം നക്ഷത്രങ്ങൾ പരിശോധിച്ചു വന്നു. ഒരു ദൂരദർശിനിക്കണ്ണാടി കിട്ടിയാൽ കൊള്ളാമെന്നു് അദ്ദേഹത്തിനു ആഗ്രഹമുണ്ടായി. പക്ഷേ, ഒന്നു വാങ്ങിക്കുവാൻ അദ്ദേഹത്തിനു പണമില്ലായിരുന്നു. അതിനാൽ ഒരെണ്ണം നിർമ്മിക്കുവാൻ തന്നെ അദ്ദേഹം നിശ്ചയിച്ചു. ആദ്യമായി അതുസംബന്ധിച്ച കണക്കുശാസ്ത്രം അദ്ദേഹം പഠിച്ചു. വളരെനാൾ പരിശ്രമിച്ചതിന്റെ ഫലമായി നല്ല ഒരു ദൂരദർശിനിക്കണ്ണാടി അദ്ദേഹം നിർമ്മിക്കുകയും ചെയ്തു. അതിനു മുൻപു ആരും ഇത്ര നല്ല ഒരെണ്ണം നിർമ്മിച്ചിട്ടില്ല.

സഹോദരസഹോദരിമാർ അദ്ദേഹത്തോടൊന്നിച്ചു താമസിക്കുവാൻ ഇംഗ്ലണ്ടിലെത്തി. കുറേക്കാലത്തേക്കു അവരെല്ലാവരും പലരേയും സംഗീതം അഭ്യസിപ്പിച്ചുകൊണ്ടിരുന്നു. പിന്നീടു് ആ തൊഴിൽ ഉപേക്ഷിച്ചു് അവർ ദൂരദർശിനിക്കണ്ണാടി നിർമ്മിക്കാൻ തുടങ്ങി. അതിൽ അവർക്കു നല്ല വിജയം ലഭിച്ചു. പ്രസ്തുത തൊഴിൽ ആദായകരമായിത്തീർന്നു.

ജ്യോതിശ്ശാസ്ത്രം സംബന്ധിച്ചു കൂടുതലായി പഠിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി ഹെഷ്ൽ നക്ഷത്രങ്ങളുടെ സ്ഥാനങ്ങൾ ശരിയായി ഗ്രഹിക്കുന്നതിനു സഹായകരമായ ഒരു ആകാശചിത്രം തയാറാക്കി. ഈ കൃത്യങ്ങളിലെല്ലാം അദ്ദേഹത്തിന്റെ സഹോദരിയായ കാറോലൈൻ കൂടുതലായി അദ്ദേഹത്തെ സഹായിച്ചു.

ഇങ്ങനെയുള്ള പരിശോധനകൾക്കിടയിൽ അദ്ദേഹം ഒരു നവീന ഗ്രഹം കാണുകയുണ്ടായി. അതു ഒരു വാൽനക്ഷത്രമായിരിക്കുമെന്നു അദ്ദേഹം ആദ്യം വിചാരിച്ചു. ഒരു ഗ്രഹം തന്നെയാണെന്നു പിന്നീടു മനസ്സിലായി. പുരാതനകാലം മുതൽ തന്നെ അറിയപ്പെട്ടിരുന്ന ഗ്രഹങ്ങളെ

സംബന്ധിച്ചു മാത്രമേ അന്നുണ്ടായിരുന്ന പണ്ഡിതന്മാർക്കു പരിചയമുണ്ടായിരുന്നുള്ളൂ. അതിനാൽ ഒരു പുതിയ ഗോളം കാണ്മാനിടയായതിൽ ശാസ്ത്രജ്ഞന്മാരെല്ലാം വളരെ സന്തോഷിച്ചു. പുതിയ അത്ഭുതം കാണ്മാനായി അവർ ആകാശത്തേക്കു ആകാംക്ഷയോടുകൂടി നോക്കി. ഈ ഗ്രഹത്തിന് ഇംഗ്ലണ്ടിലെ രാജാവായിരുന്ന ജോർജ്ജ് മൂന്നാമന്റെ പേരുതന്നെ കൊടുക്കുവാൻ ഹെർഷൽ ആഗ്രഹിച്ചു. എന്നാൽ മറ്റു ശാസ്ത്രജ്ഞന്മാരുടെ അഭിപ്രായമനുസരിച്ച് അതിനു യുറാനസ്സ് എന്ന പേരു കൊടുത്തു. യുറാനസ്സ് ഗ്രീക്കുകാരുടെ ഏറ്റവും പുരാതന ദേവനായിരുന്നു.

യുറാനസ്സ് കണ്ടുപിടിച്ചു എന്നതു മാത്രമല്ല അദ്ദേഹം വാനശാസ്ത്രത്തിനു നല്കിയിട്ടുള്ള സഹായങ്ങൾ. സാറേൺ എന്ന ഗ്രഹത്തിന്റെ ആറാമത്തേയും ഏഴാമത്തേയും യുറാനസ്സിന്റെ രണ്ടു ഉപഗ്രഹങ്ങളേയും അദ്ദേഹം കണ്ടുപിടിച്ചു. സൂര്യനും അതോടു ചേർന്നുള്ള മറ്റു ഗ്രഹങ്ങളും വളരെ ദൂരെ സ്ഥിതിചെയ്യുന്ന വേറൊരു ഗോളത്തെ പ്രദക്ഷിണം ചെയ്യുന്നുണ്ടെന്നു ഹെർഷൽ സമർത്ഥിച്ചു. എല്ലാ നക്ഷത്രങ്ങൾക്കും ചലനമുണ്ടെന്നും അദ്ദേഹം ലോകരെ ധരിപ്പിച്ചു. കൂടാതെ അയ്യായിരത്തോളം പുതിയ നക്ഷത്രങ്ങളും അദ്ദേഹം കണ്ടുപിടിച്ചു.

അദ്ദേഹത്തിനു ലഭിച്ച പ്രശസ്തിയുടെയും വിജയത്തിന്റെയും ഒരംശത്തിനു കാരോലൈൻ അവകാശിനിയാണ്. അദ്ദേഹത്തിന്റെ പുത്രനായിരുന്ന സർ ജോൺ, സഹപിതാവിന്റെ ജോലി തുടർന്നു ചെയ്തു. ദക്ഷിണാർദ്ധഗോളത്തിലുള്ള നക്ഷത്രങ്ങളെപ്പറ്റിയാണ് അദ്ദേഹം കൂടുതലായി പഠിച്ചതു്. ഇങ്ങനെ വില്യം ഹെർഷൽ, കാരോലൈൻ, ജോൺ ഹെർഷൽ എന്നിവരാണ് ആധുനിക ജ്യോതിശ്ശാസ്ത്രത്തിന്റെ അടിസ്ഥാനം സ്ഥാപിച്ചതെന്നു പറയാം.

വില്യം ഹെർഷലിന്റെ വിജയങ്ങൾ അദ്ദേഹത്തിന്റെ ജീവിതകാലത്തു തന്നെ അംഗീകൃതമായി. ജോർജ്ജ് മൂന്നാമൻ രാജാവിന്റെ ജ്യോത്സ്യനായി അദ്ദേഹം നിയമിക്കപ്പെട്ടു. 1816-ൽ അദ്ദേഹത്തിനു സർ സ്ഥാനം ലഭിച്ചു. 1822 ആഗസ്റ്റ് 25-ാം തീയതി അദ്ദേഹം മരണം പ്രാപിച്ചു.

2. മഹാദേവ ഗോവിന്ദറാനഡേ

മഹാദേവ ഗോവിന്ദറാനഡേ ഒരു മഹാരാഷ്ട്രകുടുംബത്തിൽ 1842-ൽ ജനിച്ചു. അദ്ദേഹത്തിന്റെ മുത്തച്ഛന്മാർ പേഷ്വാമാരെ ദീർഘകാലം സേവിച്ചിട്ടുള്ളവരായിരുന്നു.

ആദ്യം റാനഡേ ഒരു നാട്ടുഭാഷാ വിദ്യാലയത്തിൽ ചേർന്നു പഠിച്ചു. മഹാരാഷ്ട്രസാഹിത്യത്തെ അദ്ദേഹം സ്നേഹിപ്പാനും വിലമതിപ്പാനും തുടങ്ങിയതു് അവിടെവച്ചായിരുന്നു. പിന്നീടു് അദ്ദേഹം സ്വജാതിയുടെ ഒരു ചരിത്രം എഴുതുകയുണ്ടായി. അതിൽ മഹാനായ ശിവാജിയെ സംബന്ധിച്ച് അദ്ദേഹം വളരെ സ്തുതിച്ചു പറഞ്ഞിട്ടുണ്ട്. 1851-ൽ റാനഡേ കോലാപുരം ഹൈസ്കൂളിൽ ഇംഗ്ലീഷ് പഠിക്കാനാരംഭിച്ചു. 1853 മുതൽ ബോംബെയിലെ എൽഫിൻസ്റ്റൺകോളജിനോടു ചേർന്നുള്ള ഹൈസ്കൂളിൽ പഠിതാവു തുടർന്നു. അദ്ദേഹം സർ അലക്സാണ്ടർ ഗ്രാന്റ് എന്ന സുപ്രസിദ്ധനായ വിദ്യാഭ്യാസപ്രവർത്തകന്റെ ശിഷ്യനായി തീർന്നതു് അവിടെവച്ചായിരുന്നു. 1859-ൽ റാനഡേ മട്രിക്കുലേഷൻ പരീക്ഷ പാസ്സായി. നാലു കൊല്ലം കഴിഞ്ഞപ്പോഴേക്ക് അദ്ദേഹം ബി. എ. ഡിഗ്രി സമ്പാദിച്ചു. പിന്നീടു രണ്ടു കൊല്ലം കഴിഞ്ഞപ്പോൾ അദ്ദേഹം എം. എ ഡിഗ്രിയും കരസ്ഥമാക്കി. അതിന്റെശേഷം അദ്ദേഹം ബോംബേ സംസ്കൃതകലാഭരണസമിതിയിലെ ഒരു അംഗമായിത്തീർന്നു.

റാനഡേ പുസ്തകവായനയിൽ വളരെ തല്പരനായിരുന്നു. മറാത്തി, സംസ്കൃതം, ഇംഗ്ലീഷ് എന്നീ ഭാഷകളിലെല്ലാം അദ്ദേഹം വലിയ പാണ്ഡിത്യം സമ്പാദിച്ചു. ഒരു അവധിക്കാലത്തു കോളജ് ലൈബ്രറിയിലുണ്ടായിരുന്ന ചരിത്രപുസ്തകങ്ങളെല്ലാം അദ്ദേഹം വായിച്ചുതീർത്തു. ധനതത്വശാസ്ത്രം, രസതന്ത്രം, ഇംഗ്ലീഷ് പദ്യസാഹിത്യം എന്നീ വിഷയങ്ങളെ പരാമർശിച്ചുള്ള ഗ്രന്ഥങ്ങളും അദ്ദേഹം ധാരാളം വായിച്ചിട്ടുണ്ട്. വലിയ പണ്ഡിതൻ എന്ന ഖ്യാതി അദ്ദേഹം വളരെ വേഗത്തിൽ സമ്പാദിച്ചു.

റാനഡേ പഠിച്ച കോളജിൽ തന്നെ അദ്ദേഹത്തിന് ആദ്യമായി ജോലി കിട്ടി. ജ്ഞാനസമ്പാദനത്തിനായി അത്യുത്സാഹം ചെയ്യുകൊണ്ടി



തന്ന എല്ലാ വിദ്യാർത്ഥികൾക്കും ഈ പുതിയ അദ്ധ്യാപകൻ ഒരു ഉത്തമ ദൃഷ്ടാന്തമായി പരിലസിച്ചു.

1866–ൽ റാനഡേ അദ്ധ്യാപകവൃത്തി ഉപേക്ഷിച്ചു. പൌരസ്യഭാഷകളുടെ പരിഭാഷകനായി ബോംബേ ഗവർമ്മെൻറ് അദ്ദേഹത്തെ നിയമിച്ചതുമൂലമാണ് ഇങ്ങനെ ഒരു പരിവർത്തനമുണ്ടായത്. ഒരു വർഷം കഴിഞ്ഞപ്പോൾ കോലാപൂരം രാജ്യത്ത് ഒരു ജഡ്ജിയായി അദ്ദേഹം നിയമിതനായി. ഈ സമയത്തും അദ്ദേഹം ബോംബേഗവർമ്മെൻറിന്റെ പരിഭാഷകനായിരുന്നു.

അടുത്തതായി നമ്മുടെ കഥാപുരുഷൻ എൽഫിൻസ്റ്റൺകോളജിലെ ഒരു പ്രഫസ്സറായി തീർന്നു. അവിടെയും തന്റെ ബുദ്ധിസാമർത്ഥ്യങ്ങൾക്കു ചേർന്ന വിധത്തിൽ അദ്ദേഹം പരിശോഭിച്ചു.

1871–ൽ റാനഡേ കോളജിലെ ഉദ്യോഗം ഉപേക്ഷിച്ചു. അതിന്റെ ശേഷം പൂനായിലും ബോംബേയിലുമായി ജൂഡിഷ്യൽവകുപ്പിൽ പല സ്ഥാനങ്ങളും അദ്ദേഹം അലങ്കരിക്കുകയുണ്ടായി. ബോംബേ ഹൈക്കോടതിയിലെ ഒരു ജഡ്ജിയായിട്ടത്രെ അദ്ദേഹം ഉദ്യോഗജീവിതം അവസാനിപ്പിച്ചതു്.

റാനഡേ വലിയ ഒരു പണ്ഡിതനായിരുന്നു എന്നു നിസ്സംശയം അഭിപ്രായപ്പെടാം. പല ഗ്രന്ഥങ്ങളും അദ്ദേഹം പ്രസിദ്ധീകരിച്ചു. രാഷ്ട്രീയകാര്യങ്ങളിൽ അദ്ദേഹം നല്ല പങ്കെടുത്തു. സാമ്പത്തികവും വ്യാവസായികവുമായ വിഷമപ്രശ്നങ്ങൾക്കു പരിഹാരം നേടുവാനായി അദ്ദേഹം വളരെ അദ്ധ്വാനിച്ചു. അദ്ദേഹത്തിന്റെ സ്വാർത്ഥരഹിതമായ പ്രവർത്തനങ്ങളുടെ ഫലമായി സാമൂഹ്യവും മതപരവുമായ പല പരിഷ്കാരങ്ങൾ നടപ്പിലാകുന്നതിനിടയായിട്ടുണ്ട്.

നാനാമുഖങ്ങളായ പ്രവർത്തനരംഗങ്ങളിൽ റാനഡേ ക്ഷമാപൂർവ്വം പ്രവർത്തിച്ചുകൊണ്ടിരുന്നു. തന്നിൽ എന്തെങ്കിലും കുറവുണ്ടെന്നു മനസ്സിലായാലുടൻ അതു നീക്കുന്നതിനായി അദ്ദേഹം ഇടവിടാതെ പരിശ്രമിക്കുമായിരുന്നു. തന്റെ തെറ്റുകൾക്കു യോജിച്ച ശിക്ഷ സഹിക്കുന്നതിൽ അദ്ദേഹം തല്പരനായിരുന്നു താനും കഷ്ടതകളെ സംബന്ധിച്ച് അദ്ദേഹത്തിനു ശരിയായ അഭിപ്രായമാണുണ്ടായിരുന്നതു്. ഒരിക്കൽ അദ്ദേഹം പറഞ്ഞു.

"നാം നമ്മുടെ കുശു വഹിക്കണം. അതു മാധുര്യമേറിയതായിരിക്കുമെന്നുള്ളതല്ല അതിന്റെ കാരണം. അതുമൂലം ലഭിക്കുന്ന ഫലങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ വേദനകളും കഷ്ടതകളും സാരമില്ലെന്നു ഗണിക്കേണ്ടതാണു."

ഇൻഡ്യൻ സോഷ്യൽ കോൺഫറൻസിന്റെ ജനറൽസെക്രട്ടറിയെന്ന നിലയിൽ റാനഡേ സ്വരാജ്യത്തിന്റെ ഉന്നമനത്തിനായി വളരെ പ്രയത്നിച്ചു. ഇൻഡ്യൻ നാഷ്യനൽ കോൺഗ്രസ്സിന്റെ ആദ്യങ്ങളും പ്രവർത്തനങ്ങളുമായി അതിന്റെ ആരംഭം മുതൽ അദ്ദേഹത്തിനു് അടുത്ത ബന്ധമുണ്ടായിരുന്നു. കോൺഗ്രസ്സുസമ്മേളനങ്ങളിൽ മുടങ്ങാതെ അദ്ദേഹം സംബന്ധിക്കുകയും ചെയ്തുവന്നു. അദ്ദേഹത്തിന്റെ അഭിപ്രായങ്ങൾ ആദരിക്കുവാൻ കോൺഗ്രസ്സുഭാരവാഹികൾ തല്പരരായിരുന്നു.

റാനഡേയുടെ ഉദ്യോഗജീവിതം വളരെ വിജയപ്രദമായിരുന്നു. താഴ്ന്ന പടിയിലാണു് അദ്ദേഹം ഒരു ഇൻഡ്യാക്കാരനു് എന്നുമാത്രം ഉ

യരാമോ അത്രയും ഉയരുകയുണ്ടായി. സ്വഭാവശക്തി എന്ന വിശിഷ്ടായുധമാണ് അദ്ദേഹത്തിന്റെ വിജയരഹസ്യമായിരുന്നിട്ടുള്ളത്.

പക്ഷേ ജോലിയിൽ ബദ്ധശ്രദ്ധനായിരുന്നെങ്കിൽ ആ സ്ഥാനത്ത് അദ്ദേഹത്തിനു കുറേക്കൂടി ഉന്നതി പ്രാപിക്കാമായിരുന്നു. അദ്ദേഹത്തിന്റെ ജീവിതം ത്യാഗപൂർണ്ണമായിരുന്നതിനാലത്രെ ഒരു കാര്യത്തിൽ തന്നെ അദ്ദേഹത്തിനു ശ്രദ്ധ പതിക്കാൻ കഴിയാഞ്ഞത്.

ത്യാഗം എന്നതു നല്ല ഒരു നേതാവിനുണ്ടായിരിക്കേണ്ട ഒരു വിശിഷ്ട ഗുണമാണ്. സ്വരാജ്യസേവനത്തിനു പ്രാപ്തരും സന്നദ്ധരുമായ പലരേയും അദ്ദേഹം വളരെ പ്രോത്സാഹിപ്പിച്ചു. അനേകം യുവജനങ്ങൾക്കു വഴിയും വെളിച്ചവും നല്കിക്കൊണ്ടിരുന്ന ഒരു വലിയ തേജോഗോളമായിരുന്ന അദ്ദേഹമെന്നു ഗോഖലേ ഒരിക്കൽ പ്രസ്താവിക്കുകയുണ്ടായി. അപരൊക്കെയും ഈ ഗോളത്തിന്റെ ചുറ്റും പ്രദക്ഷിണംചെയ്തുകൊണ്ടിരുന്ന ഉപഗോളങ്ങളായിരുന്നു എന്നു പറയാം. അവക്ക് ഈ നേതാവിന്റെ വാക്കുകളും നിയമവും അദ്ദേഹത്തിന്റെ അഭിനന്ദനം പ്രതിഫലവുമായിരുന്നു.

റാനഡേയുടെ ഇൻഡ്യാചരിത്രത്തിൽ വളരെ മഹനീയമായ ഒരു സ്ഥാനമുണ്ട്. ഭാരതിയരുടെ ആഴമായ ഭക്തിയും ബഹുമാനവും നേടിയിട്ടുള്ള ചില മഹാന്മാരിൽ ഒരുവനാണദ്ദേഹം. സ്വരാജ്യത്തോടു തനിക്കുണ്ടായിരുന്ന സ്നേഹവും അതിനുവേണ്ടി സാധിച്ചിട്ടുള്ള മഹനീയസേവനവുംമൂലമാണ് അദ്ദേഹം അതിനു യോഗ്യനായിത്തീർന്നത്.

കഥാപംക്തി

1. സൂര്യന്റെ സഹോദരിമാർ

ലാപ്‌ലൻഡിലെ ഒരു കഥ

വളരെക്കാലം മുൻപു രാജധാനിക്കടുത്തുള്ള ഒരു ഗ്രാമത്തിൽ ലാഴ്സ് എന്ന പേരോടുകൂടിയ ഒരു ബാലൻ ജീവിച്ചിരുന്നു. അവൻ ആഹാരത്തിനായി ദിനംപ്രതി വനത്തിൽ ചെന്നു മൃഗങ്ങളെ വേട്ടയാടിക്കൊണ്ടുവരുമായിരുന്നു. അമ്പും വില്ലുമായിരുന്നു അവനുണ്ടായിരുന്ന ആയുധം. അസ്ത്രപ്രയോഗത്തിൽ അവൻ വളരെ സമർത്ഥനായിരുന്നു. അതിൽ അവനെ ജയിക്കുവാൻ ലോകത്തിൽ യാതൊരുത്തരും ഉണ്ടായിരിക്കുകയില്ലെന്നുപോലും ചിലർ വിശ്വസിച്ചു.

ഒരു ദിവസം വനത്തിലേക്കു പോകുമ്പോൾ അവൻ രാജകുമാരനെ കാണുകയുണ്ടായി. കുമാരനും ലാഴ്സും സമപ്രായക്കാരായിരുന്നു. അതിലാളുന നിമിത്തം കുമാരന്റെ സ്വഭാവം പെട്ടെന്നു ദുഷിച്ചിരുന്നു. തന്നെത്താൻ പുകഴ്ത്തിപ്പറയുമെന്നുള്ളതായിരുന്ന കുമാരന്റെ സ്വഭാവത്തിലുണ്ടായിരുന്ന മുഖ്യദോഷം. കൊട്ടാരത്തിലെ ജോലിക്കാർ കുമാരന്റെ സ്വഭാവദുഷ്യത്തിനു വളംവയ്ക്കുകയേ ചെയ്യുള്ളൂ.

ലാഴ്സിനെ കണ്ടപ്പോൾ കുമാരൻ വിളിച്ചു പറഞ്ഞു. "നീ അമ്പു് എയ്തു വിടുന്നതിനേക്കാൾ കൂടുതൽ ദൂരം ഞാൻ അമ്പു് എയ്യുകയ്ക്കാം. എന്താ നമ്മെ പരീക്ഷിക്കുന്നോ? ഞാൻ വിചാരിച്ചാൽ സൂര്യനെപ്പോലും താഴെ എയ്തിടുകയാം."

ലാഴ്സ് ഇതു കേട്ടപ്പോൾ ആശ്ചര്യപ്പെട്ടു. "കുമാരനു സാധിക്കുമെങ്കിൽ എനിക്കും സാധിക്കും."

അവർ രണ്ടുപേരും ഒരേസമയത്തു തന്നെ എയ്തു. രണ്ടു അസ്ത്രങ്ങളും സൂര്യന്റെ നേരേ പാഞ്ഞുപോയി. എന്നാൽ വളരെ വേഗത്തിൽ ഒരെണ്ണം താഴെ വീണു. അതു കണ്ടപ്പോൾ കുമാരൻ പറഞ്ഞു. "കണ്ടോ! നിന്റെ അമ്പു താഴെ വീണു. എന്റെ അമ്പു സൂര്യനിൽ എത്തുകയും ചെയ്തു."

ലാഴ്സ് അതു സമ്മതിച്ചില്ല. "ഇതു് എന്റെ അമ്പല്ല. എന്റെ അമ്പു ഞാൻ തന്നെ ഉണ്ടാക്കുന്നതാണു്. അതു കണ്ടാൽ എനിക്കു അറിയാം."

കുറേ കഴിഞ്ഞപ്പോൾ മറ്റേ അമ്പും താഴെ വീണു. ലാഴ്സ് അതു കയ്യിൽ എടുത്തു. അതിന്റെ ഒരു സ്ഥാനത്തു ചെറിയ ഒരു തൂവൽ ഇരിക്കുന്നതായി കാണപ്പെട്ടു. അതു സൂര്യനെപ്പോലെ പ്രകാശിച്ചുകൊണ്ടിരുന്നു.

"അതെന്റെ അമ്പാണു്." കുമാരൻ പറഞ്ഞു. "അതു സൂര്യനെ തൊട്ടതുകൊണ്ടാണു പ്രകാശമുള്ള ഒരു തൂവൽ അതിന്മേൽ വന്നതു്."

ലാഴ്സ് ഒട്ടും മടിച്ചില്ല "അയ്യ് എന്റെ അമ്മു തന്നെയാണ്. ഞാനാണ് അയ്യണ്ടാക്കിയയ്യ്. അതിനാൽ എനിക്കു നല്ല നിശ്ചയമുണ്ട്."

ഇങ്ങനെ രണ്ടുപേരും തർക്കിച്ചുകൊണ്ടു നില്ക്കുമ്പോൾ രാജാവു് അതുവഴി കടന്നുപോയി. അദ്ദേഹം ഇതു കേട്ടപ്പോൾ കോപിച്ചു. ലാഴ്സിന്റെ അമ്മു് ഏതായിരുന്നു എന്നു അദ്ദേഹത്തിനറിയാമായിരുന്നു. എന്നാൽ ഗ്രാമവാസിയായ ആ ബാലൻ തന്റെ കുമാരനേക്കാൾ സമർത്ഥനാണെന്നു സമ്മതിക്കുവാൻ അദ്ദേഹം ഇഷ്ടപ്പെട്ടില്ല.

രാജാവു് ലാഴ്സിനോടു പറഞ്ഞു. "നീ പറയുന്നതു നിന്റെ അമ്മു സൂര്യനെ തൊട്ടു എന്നാണ്, അല്ലേ! എന്നാൽ നീ പറയുന്നതു പരമാർത്ഥമാണെന്നു തെളിപ്പെടുത്തിക്കാണിക്കുക. അമ്മു പോയ വഴിയേ തന്നെ പോയിട്ടു ഇങ്ങനെയുള്ള തുവലുകളോടുകൂടിയ പക്ഷിയെ ഇവിടെ കൊണ്ടുവരണം. അതിനെ കൊണ്ടുവന്നതിനു ശേഷമേ നീ നിന്റെ ഗ്രാമത്തിൽ പ്രവേശിക്കാവൂ."

എന്തെങ്കിലും പറയുന്നതു് എരിയുന്ന തീയിൽ എണ്ണ ഒഴിക്കുന്നതിനു സമമാണെന്നു ലാഴ്സ് മനസ്സിലാക്കി. അവൻ അമ്മുവും വില്ലും എടുത്തുകൊണ്ടു കാട്ടിലേക്കു പോയി. എന്താണ് ചെയ്യേണ്ടതെന്നു അവനു യാതൊരു നിശ്ചയവും ഇല്ലായിരുന്നു.

ഒരു കുറുക്കൻ ഒരു കുരുക്കിൽ അകപ്പെട്ടു കിടക്കുന്നതു് അവൻ കണ്ടു. അവൻ അതിനെ വിടുവിച്ചു. കുറുക്കൻ അവനു നന്ദി പറഞ്ഞശേഷം എവിടെ പോകയാണെന്നു അവനോടു ചോദിച്ചു.

ലാഴ്സിന്റെ മറുപടി ഇങ്ങനെയായിരുന്നു. "എവിടെ പോകയാണെന്നു എനിക്കു തന്നെ നിശ്ചയമില്ല. രാജാവു് എന്റെ നേരേ കോപിച്ചിരിക്കുന്നു. ഈ സുവർണ്ണതുവൽ ഏതു പക്ഷിയുടേതാണെന്നു കണ്ടുപിടിച്ചു അതിനെ രാജസന്നിധിയിൽ കൊണ്ടുകൊടുത്തിട്ടു മാത്രമേ എനിക്കു എന്റെ ഗ്രാമത്തിൽ പ്രവേശിക്കുവാൻ പാടുള്ളൂ. അദ്ദേഹത്തിന്റെ കല്പനയാണതു്."

കുറുക്കൻ പറഞ്ഞു. "അതു സാരമില്ല. ഇതു ഒരു പിടക്കോഴിയുടെ തുവലാണ്. ലോകത്തിലെ കോഴികളെപ്പറ്റിയുള്ള വിവരങ്ങളെല്ലാം എനിക്കു അറിയാം. ഈ പിടക്കോഴി സൂര്യന്റെ സഹോദരിയുടെ വകയാണെന്നു തോന്നുന്നു. എന്റെ പുറത്തു കയറിക്കൊള്ളുക. ഞാൻ നിന്നെ ആ കൊട്ടാരത്തിലേക്കു കൊണ്ടുപോകാം."

ലാഴ്സിനുണ്ടായ സന്തോഷത്തിനു അതിരില്ലായിരുന്നു. അവൻ കുറുക്കന്റെ പുറത്തു കയറി യാത്ര ആരംഭിച്ചു. ഏതാനും നിമിഷംകൊണ്ടു അവർ സൂര്യന്റെ കൊട്ടാരത്തിൽ ചെന്നു ചേർന്നു.

കുറുക്കൻ പടിവാതില്ക്കൽ നിന്നു. എന്തൊക്കെയാണു ചെയ്യേണ്ടതെന്നു അവൻ ലാഴ്സിനെ മനസ്സിലാക്കി. പക്ഷേ, അവനു ഒരു ചെറിയ അബദ്ധം പറ്റി. കോഴിക്കൂടിന്റെ സമീപത്തേക്കു പോകാനുള്ള വഴി വിട്ടിട്ടു് അവൻ വേറൊരു വഴിയേക്കൂടി പോയി. അതിനാൽ അവൻ കൊട്ടാരത്തിന്റെ മുൻപിൽ എത്തി. അവിടെ നിന്നിരുന്ന ഒരു പെൺകുട്ടി അവനെ കണ്ടു. അവൾ വളരെ ആശ്ചര്യപ്പെട്ടു.

അവൾ ചോദിച്ചു. "കുട്ടീ, നീ ആരാണ്?" "എന്റെ പേരു ലാഴ്സ് എന്നാണ്. നീ ആരാണ്?" "ഞാൻ സൂര്യോദയം എന്ന രാജകുമാരിയാണ്. നിനക്കു ഇവിടെ എന്താണു കാര്യം?"

ലാഴ്സ് പരമാർത്ഥമെല്ലാം കുമാരിയോടു പറഞ്ഞു. രാജാവു് അവനോടു കോപിച്ച വിവരവും അതിന്റെ കാരണവും അവൻ രാജകുമാരിയെ അറിയിച്ചു.

കുമാരി :—ആ കോഴിയെ തരുന്നതിനു വിരോധമില്ല. എന്നാൽ അതിനു പ്രതിഫലമായി ഒരു കാര്യം ചെയ്യണം. എന്റെ സഹോദരിയാണു സൂര്യാസ്തമനം. അവളെ ഏതോ ഒരു രാക്ഷസൻ അപഹരിച്ചുകൊണ്ടു പോയിരിക്കുകയാണ്. നി അവളെ എവിടെ നിന്നെങ്കിലും കൊണ്ടുവരാമെങ്കിൽ ഈ കോഴിയെ തന്നേക്കാം."

ലാഴ്സ് ഈ വിവരം കുറുക്കനെ അറിയിച്ചു. അപ്പോൾ കുറുക്കൻ അവനെ സല്ലപിച്ചു ശകാരിച്ചു. ഒടുവിൽ സഹായിക്കാമെന്നു സമ്മതിച്ചു. കുറുക്കൻ പറഞ്ഞു. "ആവട്ടെ, ഈ തവണയും നിന്നെ സഹായിക്കാം. രാക്ഷസന്റെ കൊട്ടാരത്തിലേക്കു തന്നെ നമുക്കു പോകണം. എന്നാൽ അവിടെ നീ പെട്ടിയിൽ നില്ക്കണം. ഞാൻ അകത്തു കയറാം. ഞാൻ പറഞ്ഞ വഴിയെ പോകാതെ കൊട്ടാരത്തിന്റെ മുൻപിൽ ചെന്നു ചാടിയതു ഭോഷത്തമായിപ്പോയി."

അവർ മുൻപിലത്തെപ്പോലെതന്നെ യാത്രതിരിച്ചു. വേഗത്തിൽ അവർ ഉദ്ദേശിച്ച സ്ഥാനത്തു ചെന്നുചേരുകയും ചെയ്തു. ലാഴ്സ് വെ

ളിയിൽ നിന്നു. കുറുക്കൻ അകത്തേക്കു കടന്നു. അവൻ സൂര്യാസുമനകുമാരിയെ കണ്ടു. തന്നെ പിടിപ്പിക്കാൻ വന്നതാണെന്നു കുറുക്കൻ കുമാരിയെ അറിയിച്ചു. അപ്പോൾ ആ കുമാരി വളരെ സന്തോഷിച്ചു എന്തുയും വേഗത്തിൽ കുമാരിയും ലാഴ്സും കുറുക്കന്റെ പുറത്തു കയറി യാത്ര ആരംഭിച്ചു. അവർ അതിവേഗം സൂര്യന്റെ കൊട്ടാരത്തിലെത്തുകയും ചെയ്തു.

സഹോദരിയെ കണ്ടപ്പോൾ സൂര്യോദയകുമാരി വളരെ സന്തോഷിച്ചു. താമസംവിനാ ലാഴ്സിനു പൊൻതുവലുകളോടുകൂടിയ പിടക്കോഴിയെ കിട്ടുകയും ചെയ്തു. കുറുക്കന്റെ സഹായത്തോടുകൂടി അവൻ സ്വന്തനാട്ടിലേക്കു മടങ്ങി. അവൻ കോഴിയെ രാജസന്നിധിയിൽ കാഴ്ചവച്ചു. അതു രാജാവു സന്തോഷപൂർവ്വം സ്വീകരിച്ചു. അപ്പോഴേക്കു വളരെ അസൂയയും ക്രൂരമായും പെരുമാറിയതിൽ രാജാവിനു വളരെ ലജ്ജയുണ്ടായി. കൊട്ടാരത്തിൽ രാജകുമാരന്റെ കൂട്ടുകാരനായി താമസിച്ചുകൊള്ളുവാൻ രാജാവു ലാഴ്സിനെ നിർബ്ബന്ധിച്ചു. പക്ഷേ, ആ ബാലൻ അതിനു സമ്മതിച്ചില്ല. അതിന്റെ കാരണം ചോദിച്ചപ്പോൾ അവൻ പറഞ്ഞു.

"കള്ളം പറയുന്ന ഒരു കൂട്ടിയുമായി എനിക്കു യാതൊരു ഇടപാടിനും ആവശ്യമില്ല."

---

2. മൂന്നു ചോദ്യങ്ങൾ

അതിവിശിഷ്ടമായ പല ആശയങ്ങളോടുകൂടിയ ഒരു രാജാവു് ഒരിക്കൽ ജീവിച്ചിരുന്നു. ഏതെങ്കിലും ഒരു കാര്യം ആരംഭിക്കുന്നതിനുള്ള ശരിയായ അവസരം ഏതെന്നും ആരുടെ അഭിപ്രായമാണു സ്വീകരിക്കേണ്ടതെന്നും ഒരവസരത്തിൽ പ്രവർത്തിക്കേണ്ട പ്രധാന കാര്യമെന്തെന്നും അറിയാമെങ്കിൽ വിജയത്തിനുള്ള വഴിയെപ്പറ്റി പിന്നീടു ഭയപ്പെടേണ്ട ആവശ്യമില്ലെന്നായിരുന്നു അദ്ദേഹത്തിന്റെ അഭിപ്രായം.

മേല്പറഞ്ഞ മൂന്നു കാര്യങ്ങളിലും സംശയരഹിതമായ ഒരു നില സ്വീകരിക്കുന്നതുകൊണ്ടു ഗുണദോഷം പറയുന്നവർക്കു തക്ക പ്രതിഫലം നല്കാമെന്നു അദ്ദേഹം പ്രഖ്യാപനം ചെയ്തു. പലരും ശ്രമിച്ചു. യാതൊരുത്തരുടേയും അഭിപ്രായം തൃപ്തികരമായി രാജാവിനു തോന്നിയില്ല. അതിനാൽ മഹാപണ്ഡിതനെന്നു പ്രസിദ്ധി നേടിയിരുന്ന ഒരു മഹർഷിയെ കാണ്മാനായി രാജാവു തന്നെ യാത്രതിരിച്ചു.

മഹർഷി ഏകനായി ഒരു വനത്തിൽ താമസിച്ചിരുന്നു. സാധാരണക്കാരായ ആളുകളെ മാത്രമേ അദ്ദേഹം അതിഥികളായി സ്വീകരിച്ചുവന്നുള്ളു. അതിനാൽ രാജാവു് ഒരു സാധാരണ പൗരന്റെ വേഷത്തിലാണു പോയതു്.

മഹർഷി തന്റെ ആശ്രമത്തിനു മുൻപിൽ കിളച്ചുകൊണ്ടിരുന്ന അവസരത്തിൽ രാജാവു അവിടെ പ്രത്തി. അപരിചിതനായ ഒരാൾ അടുത്തുവന്നപ്പോൾ മഹർഷി അദ്ദേഹത്തെ യഥായോഗ്യം സ്വീകരിച്ചു. തന്റെ അതിഥി രാജാവാണെന്നുള്ള വിവരം മഹർഷി അറിഞ്ഞില്ല. അദ്ദേഹം തന്റെ ജോലി തുടർന്നുകൊണ്ടിരുന്നു. രാജാവു പറഞ്ഞു.

"മഹാത്മൻ! എനിക്കു മൂന്നു ചോദ്യങ്ങൾ ചോദിക്കാനുണ്ടു്. ശരിയായ സമയത്തു ചെയ്യേണ്ട ശരിയായ കാര്യം ഏതാണെന്നറിയുന്നതെങ്ങനെയാണു്? ഞാൻ ആരുടെ അഭിപ്രായമാണു് സ്വീകരിക്കേണ്ടതെന്നു എങ്ങനെ മനസ്സിലാക്കാം? ഏതെങ്കിലും ഒരവസരത്തിൽ ചെയ്യേണ്ട കാര്യങ്ങളിൽ പ്രധാനമായതേതാണെന്നു നിശ്ചയിക്കാനുള്ള വഴി എന്താണു്?"

മഹർഷി ശ്രദ്ധാപൂർവ്വം കേട്ടു. എന്നാൽ അദ്ദേഹം വിശേഷിച്ചൊന്നും പറഞ്ഞില്ല. അദ്ദേഹം ജോലിയിൽനിന്നു വിരമിച്ചുമില്ല.

രാജാവു തുടർന്നു. "അവിടുന്നു വളരെ ക്ഷീണിച്ചിരിക്കുന്നു എന്നു തോന്നുന്നു. കുറേനേരത്തേക്കു ഞാൻ ഒന്നു കിളയ്ക്കാം."

മഹർഷി രാജാവിനു നന്ദി പറഞ്ഞു. തുമ്പാ രാജാവിനെ ഏല്പിച്ചശേഷം മഹർഷി വിശ്രമിച്ചു.

കുറേനേരം കഴിഞ്ഞപ്പോൾ തന്റെ ചോദ്യങ്ങളെപ്പറ്റി വീണ്ടും രാജാവു മഹർഷിയെ ഓർപ്പിച്ചു. എന്നിട്ടും മഹർഷി അതേപ്പറ്റി യാതൊന്നും സംസാരിച്ചില്ല. കുറേനേരം കഴിഞ്ഞപ്പോൾ അദ്ദേഹം പറഞ്ഞു. "അവിടുന്നു കിളയ്ക്കുവാൻ തുടങ്ങിയിട്ടു കുറേനേരമായല്ലോ. ഇനിയും സപ്പം വിശ്രമിക്കണം. തുമ്പാ ഇങ്ങു തന്നാട്ടെ."

എന്നാൽ രാജാവു അപ്രകാരം ചെയ്തില്ല. അദ്ദേഹം കിള തുടർന്നു. ഒന്നരരണ്ടു മണിക്കൂർ കഴിഞ്ഞു. വീണ്ടും രാജാവു പറഞ്ഞു. "എന്റെ ചോ

ദൃങ്ങൾക്കു മറുപടി കിട്ടിയെങ്കിൽ കൊള്ളാമായിരുന്നു. എനിക്കു പോകാൻ ധൃതിയായിരിക്കുന്നു.''

ആ സമയത്തു് ആ സ്ഥലത്തേക്കു് ഒരാൾ ഓടിവന്നു. അയാളുടെ കൈപിരലുകൾ മുറിഞ്ഞു രക്തം ധാരാളമായി പ്രവഹിക്കുന്നുണ്ടായിരുന്നു. രാജാവും മഹർഷിയും കൂടി അയാൾക്കു വേണ്ട ശുശ്രൂഷകൾ ചെയ്തു. രാജാവു് ആ മനുഷ്യന്റെ മുറിവുകൾ എല്ലാം കഴുകി. പിന്നിട്ടു തന്റെ തുവാലകൊണ്ടു് മുറിവുകൾ എല്ലാം മൂടിക്കെട്ടുകയും ചെയ്തു. ആ മനുഷ്യനു ദാഹിക്കുന്നു എന്നു പറഞ്ഞപ്പോൾ രാജാവു തന്നെ വെള്ളം കൊണ്ടുചെന്നു അയാൾക്കു കൊടുത്തു.

സൂര്യൻ അസ്തമിച്ചു. മഹർഷിയുടെ സഹായത്തോടുകൂടി ആ മനുഷ്യനെ രാജാവു ആശ്രമത്തിനുള്ളിൽ കൊണ്ടുപോയി കിടത്തി. ആ രാത്രി രാജാവും അവിടെത്തന്നെ കിടന്നുറങ്ങി.

അടുത്ത ദിവസം രാവിലെ രാജാവു ഉണർന്നപ്പോൾ മുറിവേറ്റ ആൾ അദ്ദേഹത്തിന്റെ അടുത്തെത്തി പറഞ്ഞു. ''അടിയനോടു ക്ഷമിക്കണം.''

രാജാവു്:—''എന്തു്! ഞാൻ നിങ്ങളെ അറിയുന്നുപോലുമില്ലല്ലോ.''

''എന്നാൽ അവിടുന്നു് ആരാണെന്നു അടിയനറിയാം. അവിടുന്നു് അടിയന്റെ സഹോദരനെ വധിച്ചിട്ടു് അദ്ദേഹത്തിന്റെ സ്വത്തെല്ലാം കരസ്ഥമാക്കിയതിനാൽ അതിനു പ്രതികാരം ചെയ്യാൻ അടിയൻ നിശ്ചയിച്ചിരുന്നു. അങ്ങനെ അവിടുത്തെ ശത്രുവായി തീർന്നിരുന്നു. അവിടുന്നു് ഈ ആശ്രമത്തിലേക്കു ഏകനായി എഴുന്നെള്ളിയിട്ടുണ്ടെന്നു അടിയൻ ഗ്രഹിച്ചു. മടങ്ങി എഴുന്നെള്ളുമ്പോൾ തിരുമേനിയെ വധിക്കണമെന്നു ഈ മഹാപാപി നിശ്ചയിച്ചു കാത്തിരിക്കുകയായിരുന്നു. എന്നാൽ കാവൽപടയാളി ഇതറിഞ്ഞു അടിയനെ വധിക്കാൻ അടുത്തുകൂടി. അടിയൻ രക്ഷപെട്ടു. എന്നാൽ അവിടുന്നു മുറിവുകൾ കെട്ടാതിരുന്നെങ്കിൽ അടിയൻ മരിച്ചുപോകുമായിരുന്നു. അടിയൻ തിരുമേനിയെ കൊല്ലാൻ ശ്രമിച്ചു. എന്നാൽ അവിടുന്നു് അടിയന്റെ ജീവനെ രക്ഷിച്ചു. അടിയന്റെ മരണംവരെ അവിടുത്തെ വിശ്വസ്തനായ അടിമയായിരുന്നുകൊള്ളാം. അടിയന്റെ അപരാധങ്ങൾ ക്ഷമിക്കുമാറാകണം.''

രാജാവിനു സന്തോഷമായി. അദ്ദേഹം അവനോടു ക്ഷമിച്ചു എന്നു മാത്രമല്ല, അവനു മരുന്നുകൾ കൊടുത്തയയ്ക്കാമെന്നു കല്പിക്കുകയും ചെയ്തു.

രാജാവു പിന്നിട്ടു മഹർഷിയുടെ നേരേ തിരിഞ്ഞു. തന്റെ ചോദ്യങ്ങൾക്കു മറുപടി കിട്ടിയാൽ കൊള്ളാമെന്നു അദ്ദേഹം മഹർഷിയോടു വീണ്ടും പറഞ്ഞു.

മഹർഷി:—അവിടുത്തെ ചോദ്യങ്ങൾക്കുള്ള മറുപടി കിട്ടിക്കഴിഞ്ഞു.

രാജാവു്:—അതെങ്ങനെ?

മഹർഷി:—കേട്ടുകൊള്ളുക. ഇന്നലെ ഞാൻ കിളയ്ക്കുന്നതു കണ്ടപ്പോൾ എനിക്കു സഹതാപം തോന്നി എന്നെ സഹായിക്കാൻ തുനിഞ്ഞില്ലായിരുന്നെങ്കിൽ വരാമായിരുന്ന ഫലങ്ങൾ എന്തായിരുന്നേനേ എന്നോർക്കുക. ഇവൻ അങ്ങയെ കൊല്ലാൻ ശ്രമിക്കുമായിരുന്നു. അതിനാൽ അവിടുന്നു് എന്നെ സഹായിച്ചുകൊണ്ടിരുന്ന സമയമായിരുന്നു ഏറ്റവും പ്രധാനപ്പെട്ട സമയം. ആ സമയത്തു ഞാൻ തന്നെ ആയിരുന്നു പ്രധാന ആൾ. എന്നെ സഹായിക്കുക എന്നുള്ളതായിരുന്നു അവിടുത്തേക്കു ചെയ്യാമായിരുന്ന കൃത്യം. ഇവൻ നമ്മുടെ അടുക്കലേക്കു വന്നപ്പോൾ അവിടുന്നു് അവനെ സഹായിച്ചു. അങ്ങനെ ചെയ്യില്ലായിരുന്നുവെങ്കിൽ അങ്ങയോടു ക്ഷമ ചോദിക്കാതെ ഇവൻ മരിച്ചുപോകുമായിരുന്നു. അവൻതന്നെ ആയിരുന്നു അപ്പോഴത്തെ പ്രധാന ആൾ. അവനെ ശുശ്രൂഷിക്കുകയെന്നുള്ളതായിരുന്നു അപ്പോൾ അവിടുത്തേക്കു ചെയ്യാനുണ്ടായിരുന്ന മുഖ്യ സംഗതി. അവിടുന്നു പ്രത്യേകം ശ്രദ്ധിക്കണം. പ്രധാനമായി ഗണിക്കാവുന്ന സമയം ഒന്നു മാത്രമേ ഉള്ളു. അതു് ഈ വർത്തമാനകാലം. അപ്പോൾ മാത്രമേ ഒരുവനു പ്രവർത്തിക്കുവാൻ സാധിക്കുകയുള്ളു. അപ്പോൾ അങ്ങയോടുകൂടിയുള്ള മനുഷ്യനാണു ഏറ്റവും പ്രധാനിയായ ആൾ. അവനു പേരൊരാളുമായി പിന്നിടൊരവസരത്തിൽ ഇടപാടുണ്ടാകാനിടയുണ്ടോ എന്നു ആരും അറിയുന്നില്ല. അവിടുത്തെ കൂടെയുള്ള മനുഷ്യനെ സഹായിക്കുകയെന്നുള്ളതാണു് അവിടുത്തേക്കു ചെയ്യാനുള്ള ഏറ്റവും പ്രധാനമായ കാര്യം. അതുതന്നെയാണു് മനുഷ്യർക്കു ലോകത്തിൽ നിവർത്തിപ്പാനുള്ള മുഖ്യ ചുമതല.


3. ചീത്തക്കുരങ്ങു നല്ല കുരങ്ങായി

ഒരിക്കൽ ഒരു കാട്ടിൽ ഒരു ആൺകുരങ്ങും ഒരു പെൺകുരങ്ങും അവരുടെ മൂന്നു മക്കളും ജീവിച്ചിരുന്നു. മക്കളിൽ ഒന്നാമനും രണ്ടാമനും സ്വഭാവികളായിരുന്നു. മാതാപിതാക്കന്മാരുടെ വാക്കുകളൊക്കെ അവർ അനുസരിച്ചു വന്നു. എന്നാൽ ഇളയ മകന്റെ കാര്യം വ്യത്യസ്തമായിരുന്നു. അവനോടു മാതാപിതാക്കന്മാർക്ക് അതിരു കവിഞ്ഞ വാത്സല്യം ഉണ്ടായിരുന്നു എന്നുള്ളതത്രെ അതിന്റെ കാരണം. ഒന്നാമനും രണ്ടാമനും എപ്പോഴും ജോലിയുണ്ടായിരുന്നു. അതിനാൽ അവർ സന്തോഷപൂർവ്വം സമയം കഴിച്ചുവന്നു. മാതാപിതാക്കന്മാർ അവരെ പല നല്ല കാര്യങ്ങളും പഠിപ്പിച്ചു. ദോഷമായിട്ടുള്ളതു കാണരുത്. ദോഷം കേൾക്കരുത്. ദോഷമായിട്ടുള്ളതൊന്നും പറയരുത്. ഇതായിരുന്നു അവർ പഠിച്ച പാഠം. അതൊക്കെ അവർ അനുസരിച്ചു. ദോഷമായതു കാണുമ്പോൾ അവർ കണ്ണടച്ചുകളയുമായിരുന്നു. ദുഷ്ടവാക്കുകൾ കേൾക്കാതെ ചെവി പൊത്തിക്കളയുമെന്നതായിരുന്നു അവരുടെ പതിവു്. ദോഷമായതു പറയണമെന്നു തോന്നിയാലുടൻ വായ് കൈകൊണ്ടു മൂടിക്കളയുകയും ചെയ്യുമവർ.

ഇവരുടെ അനുജന്റെ സ്വഭാവം ഇതുപോലെ ഒന്നുമല്ലായിരുന്നു. ചീത്ത കാര്യങ്ങൾ കാണുവാൻ അവൻ ഇഷ്ടപ്പെട്ടു. ചീത്തവാക്കുകൾ പറയുവാൻ അവനു അശേഷംപോലും മടിയില്ലായിരുന്നു. ചീത്തക്കാര്യങ്ങൾ മനസ്സിലായാലുടൻ അതു മറ്റുള്ളവരെ അറിയിക്കുകയെന്നതു് അവനു വലിയ സന്തോഷവുമായിരുന്നു.

ഈ കൊച്ചുകുരങ്ങു ഭയമെന്നുള്ളതു എന്തെന്നു് അറിഞ്ഞിരുന്നില്ല. ജ്യേഷ്ഠന്മാരെ ഉപദ്രവിക്കുവാൻ അവനു വലിയ താല്പര്യവുമായിരുന്നു. ചിലപ്പോൾ അവർക്കായി വച്ചിരുന്ന ആഹാരം ആരും കാണാതെ അവൻ എടുത്തു ഭക്ഷിക്കുമായിരുന്നു.

ഒരു ദിവസം നല്ല ഒരു മഴ പെയ്തു. അപ്പോൾ കുരങ്ങന്മാരെല്ലാം അവരുടെ പുല്ലുടിലിൽ ഉണ്ടായിരുന്നു. ജ്യേഷ്ഠന്മാർ രണ്ടുപേരും കുടിലിന്റെ ഒരു മൂലയിൽ ഉറങ്ങിക്കൊണ്ടിരുന്നു. കൊച്ചുകുരങ്ങു് അടുപ്പിൽനിന്നു ഒരു തീക്കനൽ എടുത്തു. അതു് അവൻ ജ്യേഷ്ഠന്മാരുടെ അടുത്തേയ്ക്കു ചെന്നു. അതു് അവരുടെ ദേഹത്തുതന്നെ വീണു. അവരുടെ ദേഹം വളരെ പൊള്ളി. ക്രുദ്ധരായ അവരുടെ കൂടിൽ ദഹിച്ചുപോകയും ചെയ്തു. അവർ വളരെ കഷ്ടപ്പെട്ടു് അതിൽനിന്നു രക്ഷപെട്ടു. ഒരു വൃക്ഷശിഖരത്തിന്മേൽ എല്ലാവരും കയറി ഇരുന്നു. നനഞ്ഞു വിറച്ചുകൊണ്ടാണു് അവർ അവിടെ ഇരുന്നതു്. കുഞ്ഞുകുരങ്ങു പിതാവിന്റെ അടുക്കൽ തന്നെ ഉണ്ടായിരുന്നു. അവന്റെ ജ്യേഷ്ഠന്മാർക്കു പൊള്ളൽ നിമിത്തമുണ്ടായ വേദന ശമിച്ചിരുന്നില്ല. മാതാപിതാക്കന്മാർ ഈ കുസൃതിക്കുരങ്ങിനെ നല്ല പാഠം പഠിപ്പിക്കേണ്ട വഴികളെപ്പറ്റി സംസാരിച്ചുകൊണ്ടിരുന്നു.



പിതാവു പറഞ്ഞു. "ഇവന്റെ സ്വഭാവം ഒന്നിനൊന്നിനു വഷളായിത്തന്നെ വന്നുകൊണ്ടിരിക്കുന്നു. ചീത്ത പ്രവൃത്തികൾ ചെയ്യുന്നവർ തങ്ങൾക്കുതന്നെയും മറ്റുള്ളവർക്കും ഉപദ്രവം ഉണ്ടാക്കുന്നു. നോക്കണം. നമ്മുടെ കുടിൽ മുഴുവനും ദഹിച്ചു ചാരമായി. ഇപ്പോഴിതാ മഴ നനഞ്ഞു വിറച്ചുംകൊണ്ടു ഇവിടെ ഇരിക്കേണ്ടതായും വന്നിരിക്കുന്നു. ഇനിയും മുതൽ ഞാൻ ഇവന്റെ ഓരോ ചീത്ത പ്രവൃത്തികൾക്കും തക്കതായ ശിക്ഷ നല്കുന്നതാണു്."

അടുത്ത ദിവസം രാവിലെ അവരെല്ലാവരും ഒരു ഗുഹയിലേക്കു താമസം മാറി. അവിടെ അവർ തീ കത്തിച്ചു. പിതാവു പറഞ്ഞതനുസരിച്ചു ജ്യേഷ്ഠന്മാർ ഒരു തിക്കൊള്ളി എടുത്തു കുഞ്ഞുകുരങ്ങിന്റെ വാൽ കുറേ കരിച്ചു. അവൻ കുറേ നല്ല പാഠം പഠിച്ചു. എന്നാൽ അല്പനേരം കഴിഞ്ഞപ്പോൾ രണ്ടു പട്ടികൾ അവിടെ വന്നു. കുഞ്ഞുകുരങ്ങു അവയെ ഉപദ്രവിച്ചു. പിതാവു് ഒരു കയറുകൊണ്ടു അവനെ ഒരു സ്ഥലത്തു പിടിച്ചു കെട്ടിയിട്ടു. അപ്പോൾ പട്ടികൾ അവനെ

വല്ലാതെ ഉപദ്രവിച്ചു. ഒരു ദിവസത്തേക്കു കുഞ്ഞുകുരങ്ങു ശാന്തനായിരുന്നു. അടുത്ത ദിവസം ഏതാനും യാത്രക്കാർ ഒരു സ്ഥലത്തു വിശ്രമിക്കുമ്പോൾ അവരുടെ കൈവശമുണ്ടായിരുന്ന ആഹാരം അപഹരിച്ചുകൊണ്ടു കുഞ്ഞുകുരങ്ങു ഓടി. അവനെ ഒരു സ്ഥലത്തു കെട്ടിയിട്ടശേഷം മറ്റേ കുരങ്ങന്മാരെല്ലാം അതു ഭക്ഷിച്ചു. കുറേ കഴിഞ്ഞു ജ്യേഷ്ഠന്മാരുടെ തലയിൽനിന്നു പേൻ പെറുക്കി എടുക്കുന്നതിനിടയിൽ അവൻ അവരുടെ തലമുടി കുറേ വലിച്ചുപറിച്ചു. ജ്യേഷ്ഠന്മാർ രണ്ടുപേരും ചേർന്ന് അവന്റെ തലയിൽനിന്നു ധാരാളം മുടി വലിച്ചുപറിച്ചു. ഒടുവിൽ അവൻ ആരേയും ഉപദ്രവിക്കുകയില്ലെന്നു ശപഥം ചെയ്തു. ഇങ്ങനെ കുറേ നാളുകൊണ്ടു ഈ കൊച്ചുകുരങ്ങു നല്ല കുരങ്ങായിത്തീർന്നു.


ഭൂമിശാസ്ത്രപംക്തി

1. ഗ്രീൻലാൻഡ് രാജ്യക്കാർ

ഗ്രീൻലാൻഡ്. ഇതു് ഒരു വലിയ രാജ്യമാകുന്നു. വലിപ്പത്തിൽ ഏകദേശം ഇന്ത്യയുടെ മൂന്നിൽ ഒരുഭാഗം മാത്രമേയുള്ളു. ഇംഗ്ലീഷ്ഭാഷ അനുസരിച്ചു് ഇതിന്റെ പേരിന്നു് 'പച്ച നാടെ'ന്നു് ഒരു അർത്ഥമുണ്ടെങ്കിലും ഇതിന്റെ പ്രകൃതി അതുപോലെ വ്യത്യാസമാകുന്നു. ഈ രാജ്യം എല്ലാ കാലങ്ങളിലും സമയങ്ങളിലും മഞ്ഞുകട്ടയാൽ മൂടപ്പെട്ടിരിക്കുന്നതിനാൽ വെളുപ്പുനിറമായി കാണപ്പെടുന്നു. ഒരു കൊല്ലത്തിൽ ഏറ്റവും ചുരുങ്ങിയ ഒരു സമയം മാത്രമേ വേനൽക്കാലമുണ്ടാകയുള്ളു. ഈ സമയങ്ങളിൽ ചില ഇടങ്ങളിൽ ചില ചെറു ചെടികളും പുല്ലുകളും, പൂക്കളും കാണപ്പെടുന്നു. വടക്കേ അമേരിക്കയുടെ വടക്കേ കടൽത്തീരങ്ങളിൽ താമസിക്കുന്ന ജനങ്ങളെ എസ്കിമോ എന്നു വിളിച്ചുവരുന്നു. ഇവരാണു് ഗ്രീൻലാണ്ടിലും പാർക്കുന്നതു്. എസ്കിമോ എന്ന വാക്കിന്നു് "പച്ചമാംസം തിന്നി" എന്നർത്ഥമാകുന്നു. യൂറോപ്യന്മാരിലും മറ്റുള്ള എല്ലാ ജാതിക്കാരിലും മുഖ്യന്മാർ ഇവരാകുന്നു എന്നു അവർതന്നെ അവരെപ്പറ്റി മതിക്കുന്നതിനാൽ അവർ തമ്മിൽ "The men", 'മനുഷ്യൻ' എന്നു വിളിക്കുന്നു.

ഈ രാജ്യക്കാർ കാഴ്ചയിൽ കുള്ളന്മാരും, വണ്ണംകൂടിയവരുമാകുന്നു. ഇവരുടെ മുഖം പരന്നതും, തലയിൽ ധാരാളം മുടിയുള്ളവരുമാകുന്നു. ഇവരുടെ നിറം പുത്തിഹിനമായ ഒരു തവിട്ടുനിറമാകുന്നു. ഇവർ വളരെക്കാലം ഏകദേശം പല വർഷങ്ങൾ കുളിക്കാതെയും ദേഹവും മുഖവും കഴുകാതെയും ജീവിക്കുന്ന ജാതികളാകയാൽ അഴുക്കും കരിയും പുകയും പിടിച്ച ഇവരുടെ ദേഹത്തിന്റെ പ്രകൃത്യാ ഉള്ള നിറം മാറി പുത്തിഹീനമായ നിറം അവരുടെ ദേഹത്തിന്നുണ്ടാകുന്നു. ഇവർക്കു കുളിക്കുന്നതിനോ കഴുകുന്നതിനോ വെള്ളം ലഭിക്കുന്നില്ല. വിളക്കുകൾ കത്തിക്കുന്ന സമയം അതിന്റെ പുകകൊണ്ടു മഞ്ഞുകട്ടികൾ ഉരുകി സ്വല്പം വെള്ളം ലഭിക്കുന്നു. ഈ വെള്ളം അവർ വളരെ വിലമതിക്കുന്നതായി കരുതി പലതിന്നും ഉപയോഗിക്കുന്നു. സ്ത്രീകൾ അവരുടെ കുഞ്ഞുങ്ങളെ മൃഗങ്ങളെപ്പോലെ നക്കി പുത്തിയാക്കുന്നു!!

വസ്ത്രധാരണം. ഇവരുടെ പുരുഷന്മാർ, തങ്ങൾ തന്നെ നായാടി പിടിക്കുന്ന (Seal) സീൽ എന്നു പറയപ്പെടുന്ന നീർനായുടെയോ, ഒരുവഗ്ഗം കരടിയുടെയോ തോൽകൊണ്ടു കാൽച്ചട്ടയും കോട്ടും ഉണ്ടാക്കി ധരിക്കുന്നു. തണുപ്പു തടുക്കുവാൻവേണ്ടി തോലിലുള്ള രോമങ്ങളോടുകൂടിയാണു് വസ്ത്രങ്ങൾ ഉണ്ടാക്കുന്നതു്. വർഷകാലങ്ങളിൽ വെളിയിൽ ഇറങ്ങുമ്പോൾ ഇരട്ടവസ്ത്രം ധരിക്കുന്നു. അതിന്നും പുറമേ ഒരു വലിയ അങ്കിപോലെ തല മുതൽ പാദം വരെ മൂടപ്പെടുന്ന ഒരു വസ്ത്രവും ധരിക്കുന്നു. രോമം മൂടിയിരിയിരിക്കുന്ന തോൽകൊണ്ടു കയ്യുറയും, കാല്പുറയും കാലിൽ ചെരിപ്പുകളും ധരിക്കുന്നു. ഇവർ തലയുടെ മുൻഭാഗത്തെ മുടി വെട്ടി കുറുനിരകൾ പോലെ നെറ്റിമേൽ ഇടുക പതിവാകുന്നു. ഇവരുടെ സ്ത്രീകളുടെ വസ്ത്രധാരണവും ഇതിനോടനുസരിച്ചു തന്നെയാകുന്നു. സ്ത്രീകൾ മുടി വളർത്തി തലയുടെ ഉച്ചിഭാഗത്തു കെട്ടിവയ്ക്കുയും തങ്ങൾക്കുള്ള സകല ആഭരണങ്ങളും അതിന്മേൽ അണികയും ചെയ്യുന്നു. പിത്തളകൊണ്ടുള്ള മോതിരങ്ങളാണ് ഇവർ അധികമായി മുടിയിൽ വെക്കുന്നതു്. ഇവർ തങ്ങളുടെ കുഞ്ഞുങ്ങളെ



ഒരു തോൽകൊണ്ടു പുറത്തു കെട്ടിയിട്ടുകൊണ്ടു നടക്കുന്നു.

ഭവനം. രാപകൽ മഞ്ഞുപെയ്യുകയും നിലം ആകപ്പാടെ മഞ്ഞിനാൽ മൂടിക്കിടക്കുകയും ചെയ്യുന്ന ഈ രാജ്യത്തു മറ്റു രാജ്യങ്ങളിലെപ്പോലെ വീടുകൾ കെട്ടിയുണ്ടാക്കുന്നതിനു സാധിക്കയില്ല. ഇവരുടെ പാർപ്പിടങ്ങൾ വളരെ അത്ഭുതകരമായ ഒന്നുതന്നെയാകുന്നു. ഗ്രീൻലാൻഡിൽ ചെന്നു നോക്കിയാൽ നിരന്നുകിടക്കുന്ന മഞ്ഞുകട്ടികളുടെ പുറത്തു വലിയ ചിതൽപ്പുറ്റോ, ഉറുമ്പുകളുടെ മൺകൂനകളോ പോലെ മഞ്ഞുകട്ടികൾകൊണ്ടുള്ള കൂനകൾ നിരത്തി കാണപ്പെടുന്നു. ഈ ഓരോ കൂനയും ഓരോ പാർപ്പിടമാകുന്നു. ഇവകൾ മഞ്ഞുകട്ടകൾകൊണ്ടു പണിചെയ്യപ്പെട്ടവയാകുന്നു. മഞ്ഞുകട്ട, ആയുധങ്ങൾകൊണ്ടു ഇഷ്ടികകൾ പോലെ വെട്ടി എടുത്തു അതുകൊണ്ടു ഒരു ഗ്രഹം പോലെ കെട്ടിയുണ്ടാക്കുന്നു. ഇവകൾക്കു വാതിലുകളോ പുകക്കുഴലുകളോ ഇല്ല. വെളിച്ചം കേറുന്നതിലേക്കായി ജനലുകൾ വെട്ടിയുണ്ടാക്കി അതു നേർമ്മയായി കണ്ണാടിപോലെ വെട്ടിയെടുത്ത മഞ്ഞുകട്ടകൾകൊണ്ടോ സീലിന്റെ തോൽകൊണ്ടോ മൂടും. ഈ ചെറിയ വീടിനു വാതിലുകളോ പുകക്കുഴലുകളോ ഉണ്ടായിരുന്നാൽ അതിനുള്ളിൽ കാറ്റും തണുപ്പും ക്രമേണ കടന്ന് അകത്തു താമസിക്കുന്നവർക്കു ദോഷം ഭവിക്കുന്നു.

വീടുകളിലേക്കു കടക്കുന്നതിനായി അവയുടെ കുറെ അകലത്തിൽ തുടങ്ങി മഞ്ഞുകട്ടിയുടെ അടിയിൽക്കൂടെ കുഴൽപോലെ ഒരു തുരങ്കം ഉണ്ടാക്കി അതുവഴിയായി അവർ അകത്തു കടക്കുന്നു. നടന്നു കയറുവാൻ പാടില്ലാതവണ്ണം ആ തുരങ്കം ഉയരമില്ലാത്തതിനാൽ ആളുകൾ കിടന്നു വലിഞ്ഞു അതിനുള്ളിൽ പ്രവേശിക്കും.

ഭക്ഷണം. തണുപ്പിന്റെ ആധിക്യത്താൽ ദേശത്തെങ്ങും സസ്യാദികൾ മുളച്ചുണ്ടാകാത്തതിനാൽ അവിടെയുള്ള ജനങ്ങൾക്കു പ്രധാന ഭക്ഷണം മത്സ്യമാംസാദികളാകുന്നു. സീൽ എന്നു പറയപ്പെടുന്ന കടൽനായുടെ മാംസമാകുന്നു ഇവർക്ക് അധികമായി ലഭിക്കുന്നതു്. ഇതിന്റെ എല്ലുകൊണ്ടും തോൽകൊണ്ടും വള്ളം വണ്ടി മുതലായവയും മറ്റനേകം ഉരുപ്പടികളും അവർ ഉണ്ടാക്കുന്നു.

ഗതാഗതം. മഞ്ഞുകട്ടിയുടെ മീതെക്കൂടി സഞ്ചരിക്കുവാനായി സ്ലെഡ്ജ് എന്ന വാഹനം അവർ ഉണ്ടാക്കി അതിനെ വലിച്ചുകൊണ്ടുപോകുന്നതിനായി ഒരുവക നായ്ക്കളെ അഭ്യസിപ്പിക്കുന്നു. നായ്ക്കളെ നടത്തിക്കുന്നതു കുതിരയേയും കാളയേയും നടത്തിക്കുന്നതുപോലെ ജീനികൊണ്ടോ കയറുകൊണ്ടോ അല്ല. നീളമുള്ള ചാട്ടകൾ ഉണ്ടാക്കി അതുകൊണ്ടു കാട്ടുന്ന അടയാളങ്ങളാൽ മാത്രമാണ്. നായ്ക്കൾ വലിപ്പം അധിക



മുള്ളുതല്ലെങ്കിലും വളരെ ശക്തിയുള്ള ഒരു ജാതിനായാണ് അവ. മൂന്നു നായ്ക്കൾക്കുടി ഏകദേശം നൂറു റാത്തൽ ഭാരം ഏറിയ വാഹനം ഒരു മണിക്കൂറിനുള്ളിൽ പത്തുനാഴിക ദൂരത്തോളം വലിച്ചുകൊണ്ടുപോകും.


ചട്ടങ്ങളും മര്യാദകളും. ഗ്രീൻലാൻഡുകാർക്ക് അനേകതരം നേരമ്പോക്കുകളും വിനോദങ്ങളും കളികളുമുണ്ട്. ഇവർ സംഗീതത്തിൽ ഏറ്റവും പ്രതിപത്തിയുള്ളവരാകുന്നു. എന്നാൽ ഇവർക്കു സംഗീത ഉപകരണങ്ങൾ ഒന്നും ഉപയോഗിപ്പാൻ അറിഞ്ഞുകൂടാ. എങ്കിലും അവർ നല്ല ഗായകന്മാർ ആകുന്നതിനാൽ മട്ടും കൊട്ടി അതിവിശേഷമായ വിധത്തിൽ പാട്ടുകൾ പാടുന്നതു കേൾപ്പാൻ വളരെ ഇമ്പകരമാകുന്നു. നൃത്തത്തിലും അവർ അതിതല്പരന്മാർ തന്നെയാകുന്നു. അതു കൂടാതെ അവരുടെ ഇടയിൽ പന്തുകളി മുതലായ പൊതുവേയുള്ള കളികളും ധാരാളം ഉണ്ട്. കുട്ടികൾ പന്തുകളികളിലും ചെറിയതരത്തിലുള്ള സ്ലെഡ്ജ് വണ്ടികൾ ഉണ്ടാക്കി വലിച്ചുകൊണ്ട് ഓടിക്കളിക്കുന്നതിലും താല്പര്യമുള്ളവരാകുന്നു.

ഈ രാജ്യക്കാർക്ക് എഴുത്തുഭാഷ ഇല്ല. പത്തു വരെയുള്ള എണ്ണമെങ്കിലും അറിയാവുന്ന ആളുകൾ ചുരുക്കമാകുന്നു.

മതം. ഇവർക്കു മതം എന്താണെന്നുതന്നെ അറിഞ്ഞുകൂടാ. വരുവാനുള്ള ആയുസ്സിലെ ശിക്ഷരക്ഷയെക്കുറിച്ച് അവർക്ക് ഒരു ഊഹം മാത്രമല്ലാതെ വേറെ ഒരു വ്യക്തമായ അറിവും ലഭിച്ചിട്ടില്ലാത്തതിനാൽ അവരുടെ ഇടയിൽ ദൈവാരാധന ഇല്ല. (Torngarsuk) റോൺ ഗാർസുക്ക് എന്ന നാമധേയത്തിൽ ഒരു ശ്രേഷ്ഠാത്മാവു് ഒരു സ്ഥലത്തു വാസം ചെയ്യുന്നുണ്ടെന്നും ആ സ്ഥലം മീൻ, മാൻ, കടൽനായ്ക്കൾ എന്നിവകളെ നായാടി പിടിപ്പാൻ സൌകര്യമുള്ള ഒന്നാകുന്നു എന്നും അവരുടെ ഇടയിൽ ഒരു അന്ധവിശ്വാസമുണ്ട്. അപ്രകാരം തന്നെ ഒരു ദുർദ്ദേവത കടലിന്നടിയിൽ വസിക്കുന്നുണ്ടെന്നും അതു മനുഷ്യരെ അപായപ്പെടുത്തുവാൻ വേണ്ട തന്ത്രങ്ങൾ ഉപയോഗിക്കുന്നുണ്ടെന്നും ഒരു വിശ്വാസവും അവരുടെ ഇടയിൽ ഉണ്ട്. എന്നാൽ അതിന്റെ മന്ത്രശക്തികളെ അടക്കുവാൻ വേണ്ടി മന്ത്രവാദികൾ ഉണ്ട്. ഇവരുടെ പേർ (Angekoks) ആങ്ങിക്കോക്ക്സ് എന്നാകുന്നു.

ക്രിസ്ത്യാനികളായ ഗ്രീൻലൻഡുകാർ. മിഷ്യനറിമാർ ഈ രാജ്യത്തു എത്തി അവരുടെ ഇടയിൽ പലരേയും ക്രിസ്ത്യാനികളാക്കിയിട്ടുണ്ട്. ഇവിടെ പള്ളിക്കൂടങ്ങൾ സ്ഥാപിക്കയും വിദ്യ അഭ്യസിപ്പിക്കയും ക്രിസ്തുവിനെക്കുറിച്ചുള്ള ഉപദേശങ്ങൾ പറഞ്ഞുകൊടുക്കയും ചെയ്തുവരുന്നതിനാൽ ഈ കാലത്തു് അവരുടെ ഇടയിൽ നാഗരികത്വം വർദ്ധിച്ചിട്ടുണ്ട്.

S. J.



2. കഞ്ഞാവു ചെടി

ഹിന്ദിഭാഷയിൽ 'ഗൻജാ' എന്നു പേരുള്ള ഒരുപക ചെടിക്കാണ് നാം കഞ്ഞാവു് എന്നു പറയുന്നതു്. കന്നടഭാഷയിൽ അതിനു 'ബാഞ്ചി' എന്നും തമിഴിൽ 'പോഞ്ചി' എന്നുമാണ് പേരു്.

കൈപ്പുത്തിപോലെയുള്ള ഇലകളോടുകൂടിയ ഒന്നാണ് കഞ്ഞാവുചെടി.

ആൺപൂക്കുങ്ങളും പെൺപൂക്കുങ്ങളും വേറെ വേറെ ചെടികളിലാണ് ഉണ്ടാകുന്നതു്. പൂക്കൾ ഉണ്ടാകുന്നതുവരെ ഒരു ചെടിയിൽനിന്ന് എങ്ങനെയുള്ള ഇലകളാണ് ഉണ്ടാകാനിടയുള്ളതെന്നു നിശ്ചയിക്കാൻ നിവ്വാഹമില്ല. പൂക്കൾ ഉണ്ടായ ശേഷം ആൺചെടിയുടെ ഇലകൾ പൂർണ്ണ പൊഴിയുകയും ചെടി നശിക്കുകയും ചെയ്യുന്നു. പെൺചെടി, കായ്കൾ വിളയുന്നതുവരെ നിൽക്കുകയും ചെയ്യും. അതിന് ഏകദേശം ഒരു മാസം വേണ്ടിവരും.

പൂക്കൾ ഉണ്ടാകുന്ന തണ്ടിനു മൂന്നടി മുതൽ പതിനെട്ടടി വരെ നീളമുണ്ടായിരിക്കും. ചെടികൾ വളരെ അടുത്തുനിന്നാൽ അവയ്ക്കു് ഇല കാണുകയില്ല. ശാഖാഗ്രങ്ങളിൽ രണ്ടുമൂന്ന് ഇലകൾ ഉണ്ടായിരിക്കും. അകലെ അകലെ നിൽക്കുകയാണെങ്കിൽ ഇതിന് ഇലകളും ശാഖകളും ധാരാളം ഉണ്ടായിരിക്കുന്നതാണ്.

പച്ചിലയുടെ മണമേൽക്കുന്നവർക്കു ബോധക്കേടുണ്ടാകാറുണ്ടെന്നു പറയപ്പെടുന്നു.

ഉത്ഭവവും വിതരണവും.

കഞ്ഞാവുചെടി ഏഷ്യയിൽ ശീതമേഖല

യിൽ സ്ഥിതിചെയ്യുന്ന ഏതോ ഒരു രാജ്യത്താണ് ആദ്യമായി കാണപ്പെട്ടത്. ആ രാജ്യം ചൈനാ ആയിരിക്കാമെന്ന് ഊഹിക്കുവാൻ ന്യായമില്ലാതില്ല. ഈ ചെടിയുടെ നാരെടുക്കുവാൻ അതു കൃഷിചെയ്യണമെന്നു ബി. സി. 28–ാം നൂറ്റാണ്ടിൽ ചൈനായിലെ ഒരു ചക്രവർത്തി ജനങ്ങളെ ഉണർത്തോഷിച്ചതായി രേഖയുണ്ട്. ക്രിസ്താബ്ദം ആരംഭിക്കുന്നതുവരെ പശ്ചിമയൂറോപ്പിൽ ഈ ചെടിയെപ്പറ്റി യാതൊരു അറിവും ഇല്ലായിരുന്നു. മദ്ധ്യകാലങ്ങളിൽ അതു ഫ്രാൻസിൽ കൃഷിചെയ്യപ്പെട്ടിരുന്നു. അതിന്റെ വിത്തു ഭക്ഷണപദാർത്ഥമായിട്ടത്രെ ഉപയോഗിച്ചിരുന്നത്. ഇപ്പോൾ എല്ലാ ഭ്രഖണ്ഡങ്ങളിലും കഞ്ഞാവുചെടി വളരുന്നുണ്ട്. ചില രാജ്യങ്ങളിൽ കൃഷിചെയ്തു വളർത്തുകയും പേറെ ചില രാജ്യങ്ങളിൽ കാട്ടുചെടിയായി വളരുകയും ചെയ്യുന്നു. ടർക്കി, ജപ്പാൻ, ചൈനാ, ഐക്യനാട്ടുകാരം എന്നീ രാജ്യങ്ങളിൽ ഇതിൽനിന്നെടുക്കാവുന്ന നാരിനു വേണ്ടിയാണ് ഇതു പ്രധാനമായി കൃഷിചെയ്യുന്നത്.

ഇൻഡ്യാ, അറേബ്യാ, ആഫ്രിക്കാ, മെക്സിക്കോ എന്നീ രാജ്യങ്ങളിൽ ഇതിന്റെ പശയിൽനിന്നെടുക്കാവുന്ന മരുന്നിനെ ഉദ്ദേശിച്ചും ഇതു വളർത്തുന്നു.

കഞ്ഞാവുചെടിയുടെ തൊലിയിൽനിന്നെടുക്കാവുന്ന നാരുകൊണ്ടു കയർ, വലയിൻ മുതലായതൊക്കെ ഉണ്ടാക്കാം. അതിന്റെ വിത്തിൽ നിന്ന് ഒരുമാതിരി എണ്ണ കിട്ടുന്നു. കുട്ടിലിട്ടു വളർത്തുന്ന പക്ഷികൾക്കു കൊടുക്കാനായും ഇതിന്റെ അരികാം ഉപയോഗിക്കാവുന്നതാണ്. തളിരിലയിൽനിന്നും പൂമൊട്ടുകളോടുകൂടിയ ശിഖരങ്ങളിൽനിന്നും ഒരു ലഹരിസാധനമായി ഉപയോഗിക്കപ്പെടുന്ന കഞ്ഞാവു തയ്യാറാക്കുന്നു

നാരിനുവേണ്ടിയുള്ള കൃഷി.

നാരിനുവേണ്ടിയുള്ള കൃഷിയാണെങ്കിൽ ഇതിന്റെ വിത്തു മുതിരയും മറ്റും വിതയ്ക്കുന്നതുപോലെ വിതച്ചു മണ്ണിനടിയിലാക്കുകയാണ് ആദ്യമായി ചെയ്യേണ്ടതു്. വിത്തിനു വേണ്ടിയാണെങ്കിൽ കുറേക്കൂടി അകലെ നടണം. ഇതു ശരിയായി തഴച്ചു വളരുന്നതിനാൽ ഇടയ്ക്കു കളകാം അധികമായി ഉണ്ടാകയില്ല. വിതച്ചു നാലുമാസം കഴിയുമ്പോൾ വിളവെടുക്കാം. അപ്പോഴേക്കും അതിനെചെടിയിന്മേൽ പൂക്കളുണ്ടായിരിക്കും. ചെടി മുറിച്ചു രണ്ടോ മൂന്നോ ദിവസം തറയിൽ ഇട്ടേക്കണം. പിന്നീടു കെട്ടുകളാക്കി ഒരാഴ്ചയോളം സൂക്ഷിക്കണം.

അതിന്റെ ശേഷം ഇലയെല്ലാം കൊഴിഞ്ഞുകഴിഞ്ഞിട്ടു തണ്ടു വെള്ളത്തിൽ ഇടുകയാണ് വേണ്ടതു്. രണ്ടുമൂന്നാഴ്ചകൊണ്ടു തടിയിൽനിന്നു പട്ട വേർപെടുന്നു. പട്ടയിൽനിന്നാണ് നാരു കിട്ടുന്നതെന്നുള്ളതു പറയണമെന്നില്ലല്ലൊ. അതു പിന്നീടു് ഉണങ്ങിയും മറ്റും ഉപയോഗയോഗ്യമാക്കിത്തീർക്കുന്നു.

കഞ്ഞാവുചെടിയിൽനിന്നു ലഭിക്കുന്ന നാരിനോളം ബലമുള്ള നാരുകാം വേറെ ഇല്ല എന്നു തന്നെ പറയാം. 20 ശതാബ്ദങ്ങളോളം ഇൻഡ്യയിൽ കൃഷിചെയ്യപ്പെട്ടുവന്ന കഞ്ഞാവുചെടിയിൽനിന്നു കിട്ടിയ നാരുകൊണ്ടാണ് കയറും മറ്റും ഉണ്ടാക്കിവന്നതു്. ഇപ്പോൾ മറ്റു രാജ്യങ്ങളിലും ഇതേ കൃഷിയിൽനിന്നു ലഭിക്കുന്ന നാരും ഉപയോഗിക്കപ്പെടുന്നു. ഇപ്പോൾ ബുക്കബൈണ്ടിങ്ങിനും ചെരിപ്പുണ്ടാക്കുന്നതിനും മറ്റും ഉപയോഗിക്കുന്ന ലെതർ ഉണ്ടാക്കുന്നതിനാണ് ഈ നാരു് ഉപയോഗിക്കുന്നതു്. അതുപോലെതന്നെ ഏറ്റവും മെച്ചമായ കയറുണ്ടാക്കുന്നതിനും ഈ നാരു് ഉപയോഗിക്കുന്നുണ്ട്.

മരുന്നും ലഹരിപദാർത്ഥവും.

കഞ്ഞാവുചെടിയിൽനിന്നു ലഭിക്കുന്ന ലഹരിസാധനത്തിനാണ് 'ഗഞ്ചാ' അഥവാ 'കഞ്ഞാവു' എന്നു നാം പറയുന്നതു്.

കഞ്ഞാവു പുക വലിക്കുന്നതിനോ ചവച്ചുകൊണ്ടിരിക്കുന്നതിനോ കൊള്ളാം. പുകയില ചേർത്തോ ചേർക്കാതെയോ ആണ് അതു് ഈ വിധത്തിൽ ഉപയോഗിക്കുന്നതു്. പഞ്ചസാര ചേർത്തു് ഒരു മധുരസാധനമായി തിന്നുന്നവരുമുണ്ടു്. കൂടാതെ ചെറിയ ഗുളികകളാക്കി വിഴുങ്ങുകയും ചെയ്യാം.

ഇങ്ങനെ ഉപയോഗിക്കാൻ തുടങ്ങിയിട്ടു ദിവസങ്ങളായിരിക്കുന്നു. പൌരസ്ത്യരാജ്യങ്ങളിലാണ് ഇതു് ആദ്യമായി ഉപയോഗിച്ചുതുടങ്ങിയതു്. 1090–ൽ ടർക്കിയിൽ കഞ്ഞാവുതീറ്റിക്കാർ ഉണ്ടായിത്തുടങ്ങി.

കഞ്ഞാവു് ഉപയോഗിച്ചു പരിശീലിച്ചാൽപിന്നെ അതു മാറ്റാൻ പ്രയാസമാണ്. അതു ചായം പോലെയോ കറപ്പുപോലെയോ ഉള്ള ഒരു ലഹരിപദാർത്ഥമാണെന്നുള്ളതിനു സംശയമില്ല. ചിലർക്കു് ഇതു വലിയ ഉപദ്രവം ചെയ്യുകയില്ലായിരിക്കാം. എന്നാൽ ചിലരെ ഇതു് ഭയ

ക്രൂരമായി ബാധിക്കും. തലച്ചോറിനെയാണ് ആദ്യത്തെയായി ബാധിക്കുന്നത്. ഇതുമൂലം മത്തുപിടിച്ചപോലെ ആത്മനിയന്ത്രണവും ഇല്ലാതെ വരുന്നു. മഹരിയെല്ലാം പോയിക്കഴിഞ്ഞാലുടൻ വലിയ ക്ഷീണവും ഉറക്കവും ഉണ്ടാകുന്നു.

കഞ്ചാവ് ഉപയോഗിക്കുന്നവർക്ക് പെട്ടെന്നു നല്ല സുഖസ്ഥിതിയും സംതൃപ്തിയും തോന്നും. ശരീരശക്തി വർദ്ധിച്ചു എന്നുള്ള തോന്നലും ഉണ്ടാകും. ചിന്താശക്തി കൂടെ വർദ്ധിക്കുകതന്നെ ചെയ്യും. പക്ഷേ നിർണ്ണയശക്തിയും സ്വയം നിയന്ത്രിക്കുവാനുള്ള പ്രാപ്തിയും നിശ്ശേഷം നഷ്ടപ്പെടുന്നു. ഏതെങ്കിലും ഒന്നിൽ മനസ്സുറപ്പിച്ചുകൊണ്ടിരിക്കുവാനും സാദ്ധ്യമല്ല. അവർ അപ്പോൾ സ്വപ്നലോകത്തിൽക്കൂടിയാണ് സഞ്ചരിക്കുന്നത്.

സ്വപ്നം ഒന്നുംതന്നെ തുടച്ചയായിരിക്കുകയില്ല. സ്ഥലകാലങ്ങൾ സംബന്ധിച്ച ബോധവും നഷ്ടപ്പെടുന്നു. കഞ്ചാവുമൂലം മത്തുപിടിച്ചാൽ ചിലർ കോപിക്കുകയും ഭ്രാന്തന്മാരെപ്പോലെ വർത്തിക്കുകയും ചെയ്യുന്നതായി കാണാം. അവർ പെട്ടെന്നു മരിച്ചുപോകാനിടയുണ്ടെന്നോ ഏതോ വലിയ ആപത്ത് അടുത്തിരിക്കുന്നുവെന്നോ ചിലപ്പോൾ അവർക്കു തോന്നുന്നതാണ്. അവർ ഒരു സ്ഥലത്തിരിക്കുമ്പോൾ അവിടെയെങ്ങും ഇല്ലാത്ത വസ്തുക്കൾ മുമ്പിൽ കാണുന്നു എന്ന് അവർക്കു തോന്നും. അവർ എന്തെങ്കിലും തെറ്റു ചെയ്യാൽ അപ്രകാരം ചെയ്യാൻ ഏതോ ഒരു ശക്തി അവരെ പ്രേരിപ്പിച്ചു എന്നായിരിക്കാം അവർ സമാധാനം പറയാനിടയുള്ളത്.

മത്തു പിടിച്ചവരുടെ പ്രവർത്തനരീതികളും സംസാരവും മാറിക്കൊണ്ടിരിക്കും. കൂടെക്കൂടെ ഞെട്ടി അവർ നിദ്രയിൽ ലയിക്കുകയും ചെയ്യും. ചിലപ്പോൾ അവർക്കു യഥാർത്ഥത്തിൽ ചിത്തഭ്രമം തന്നെ പിടിപെടും. ചിലർക്കു കോച്ചുണ്ടാകയും ദേഹം തളരുകയും ചെയ്യും. ഒരുവൻ തുടച്ചയായി കഞ്ചാവ് ഉപയോഗിക്കുകയാണെങ്കിൽ അവന്റെ മാനസികശക്തി ക്രമേണ നഷ്ടപ്പെട്ടുമെന്നുള്ളതിനു സംശയമില്ല. ചിലപ്പോൾ അയാൾ ചിത്തഭ്രമത്തിനു വിധേയനാവുന്നതിനു തന്നെ ഇടയുണ്ട്.

കഞ്ചാവു ചങ്കിനും ഉപദ്രവം ചെയ്യുന്നു. ചങ്കിന്റെ അടിപ്പു സാവധാനത്തിലും ക്രമം തെറ്റിയും ആയിത്തീരുവാനിടയാകുന്നു. ഇതുമൂലം മരണം സംഭവിച്ചെന്നും വരാം. ഏതായാലും കഞ്ചാവു കറുപ്പിനെക്കാളും ഉപദ്രവിയാണെന്നു തോന്നുന്നു.

അമ്മേരിക്കയിലെ സ്ഥിതി.

അമ്മേരിക്കയിലും കഞ്ചാവുമൂലം വിഷമമുണ്ടാകുന്നുണ്ട്. അവിടെ ഈ മഹരിപദാർത്ഥം ഉപയോഗിക്കുന്നവരിൽ ഭൂരിപക്ഷവും വിദ്യാർത്ഥികളാണ്. മെക്സിക്കോരാജ്യത്തു കഞ്ചാവിന്റെ ഉപയോഗം ആരംഭിച്ചിട്ടു വളരെനാളായിരിക്കുന്നു. അവിടെനിന്നാണ് ഈ പരിശീലനം ഐക്യനാടുകളിൽ പ്രചരിച്ചത്. അതിന്റെ പ്രചാരം തടയുന്നതിനായി അവിടെ ശ്രമം ആരംഭിച്ചിട്ടുണ്ട്. കഞ്ചാവുചെടി വളർത്തുന്നതും കഞ്ചാവു വിൽക്കുന്നതും കുറ്റകരമാക്കിക്കൊണ്ടു ചില സംസ്ഥാനങ്ങളിൽ നിയമങ്ങൾ പാസ്സാക്കിയിരിക്കുന്നു. പക്ഷേ, ഈ ദുഷ്പ്രചാരത്തിൽ നിന്നു ജനങ്ങളെ പരിപൂർണ്ണമായി വിമുക്തരാക്കുവാൻ സാദ്ധ്യമായിട്ടില്ല.

ഇൻഡ്യയിലെ സ്ഥിതി.

ഇൻഡ്യയിലെ കാര്യം ഇതിലൊക്കെ പരിതാപകരമാണ്. കഞ്ചാവു വില്ക്കുവാനായി ലൈസൻസ് എടുത്തിട്ടുള്ള ഏതു കടയിൽനിന്നും ഈ വിഷവസ്തു ലഭിക്കും. പ്രായമുള്ളവർ പുക വലിക്കുന്നതു കണ്ടു കുട്ടികളും അതു പരിശീലിക്കുന്നുണ്ട്. സിഗററും മറ്റും വാങ്ങിക്കുവാൻ നിവൃത്തിയില്ലാത്ത കുട്ടികൾ മറ്റുള്ളവർ ഉപയോഗിച്ചശേഷം വഴിയിൽ കളയുന്ന ബീടി മുറികളും സിഗററുമുറികളും എടുത്തു ഉപയോഗിക്കാറുണ്ട്. ഇതു വളരെ കഷ്ടമായ ഒരു പതിവാണ്. ഒരു വലിയ പട്ടണത്തിൽ വിദ്യാർത്ഥികൾ, വഴിയിൽ ബീടിയുടെയോ സിഗററിന്റെയോ മുറികൾ കിടക്കുന്നതു കണ്ടാൽ ചവുട്ടി നശിപ്പിച്ചുകളയുക എന്നത് ഒരു പതിവാക്കിത്തീർത്തിട്ടുണ്ട്.

കഞ്ചാവു ഉപയോഗിക്കുന്നതുമൂലമുണ്ടാകുന്ന ഭയങ്കരഫലങ്ങളെപ്പറ്റിയുള്ള അറിവുകൾ നാട്ടിൽ പ്രചരിപ്പിക്കുന്നതിനു വിദ്യാഭ്യാസം സിദ്ധിച്ചിട്ടുള്ള ചെറുപ്പക്കാർ ഉദ്യമിക്കുന്നതു വലിയ ഒരു പുണ്യമായിരിക്കും.

ഒന്നാം നൂറ്റാണ്ടിലെ റോമ്മാ സാമ്രാജ്യം

ക്രിസ്തുവർഷം ആരംഭിക്കുന്നതിനു് ഏകദേശം 500 വർഷങ്ങൾക്കു മുൻപു റോമിൽ ജനാധിപത്യഭരണം സ്ഥാപിതമായി. ജനങ്ങൾ, ഭരണത്തിനായി രണ്ടുപേരെ തിരഞ്ഞെടുത്തു. ഒരു വർഷം ഭരിക്കുവാനുള്ള അധികാരമേ അവർക്കു നല്കിയിരുന്നുള്ളു. കോൺസൽസ് എന്നായിരുന്നു അവരുടെ പേരു്. രണ്ടുപേരും യോജിച്ചു ഭരിക്കണമെന്നുള്ളതായിരുന്നു വ്യവസ്ഥ.

ഭരണാധികാരികളെ സഹായിക്കുന്നതിനായി സെനറ്റ് എന്ന പേരോടുകൂടിയ ഒരു സമിതി ഉണ്ടായിരുന്നു. പ്രഭുക്കന്മാർക്കു മാത്രമേ അതിൽ അംഗങ്ങളായിരിക്കുവാൻ അവകാശമുണ്ടായിരുന്നുള്ളു. അവർക്കു മരണം വരെ അതിന്റെ അംഗങ്ങളായിരിക്കുകയും ചെയ്യാമായിരുന്നു. വളരെ അധികാരവും പ്രാബല്യവും ഉണ്ടായിരുന്ന ഒരു സമിതിയായിരുന്നു സെനറ്റു്. കോൺസൽസ്, സമിതിയുടെ അഭിപ്രായം ആദരിച്ചുവന്നു.

സാമാന്യജനങ്ങളുടെ താല്പര്യങ്ങൾ പരിരക്ഷിക്കുന്നതിനായി അവരിൽനിന്നു രണ്ടുപേരെ തിരഞ്ഞെടുക്കുകയെന്ന പതിവുണ്ടായിരുന്നു. അവരുടെ പേരു ട്രിബ്യൂൺസ് എന്നായിരുന്നു. കോൺസൽസിനുപോലും അവരെ ഉപദ്രവിക്കുവാൻ അധികാരമുണ്ടായിരുന്നില്ല. ഭരണസമിതി പാസ്സാക്കുന്ന ചട്ടങ്ങൾ നടപ്പിൽ വരുത്താതെ തടയാനുള്ള അധികാരം അവർക്കു് ഉണ്ടായിരുന്നതാണു്. ആദ്യകാലങ്ങളിൽ ട്രിബ്യൂൺസിനെ സാമാന്യജനങ്ങളിൽനിന്നു മാത്രമാണു് തിരഞ്ഞെടുത്തതു്. എന്നാൽ അവരുടെ അധികാരം വളരെ ആയിരുന്നതിനാൽ പ്രഭുക്കന്മാരെയും ട്രിബ്യൂൺസായി തിരഞ്ഞെടുക്കാവുന്നതാണെന്നു സെനറ്റു് ഒരു നിയമം പാസ്സാക്കി.

ബി. സി. ഒന്നാം നൂറ്റാണ്ടു് ആയപ്പോഴേക്കു സെനറ്റിനു സാമാന്യജനങ്ങളെപ്പറ്റി തികഞ്ഞ അസൂയയായി. തന്നിമിത്തം സാമാന്യജനങ്ങളുടെ ഇടയിൽ സമാധാനം ഇല്ലെന്നായിത്തുടങ്ങി. ഇക്കാലത്തു ദ്രോഹത്തു മുഴുവനും പ്രഭുക്കന്മാരുടെ വകയായിരുന്നു. അവർ സുഖലോലുപന്മാരായി ജീവിതം നയിച്ചു. അടിമകൾ അവർക്കുവേണ്ടി ജോലിചെയ്തുവന്നു. ലോകത്തിന്റെ നാനാഭാഗങ്ങളിൽനിന്നും അടിമകളെ റോമിൽ കൊണ്ടുചെന്നു വിൽക്കുക പതിവായിരുന്നു. ചില പ്രഭുക്കന്മാർക്കു് 10൦൦ അടിമകൾ വരെ ഉണ്ടായിരുന്നു.

സാമാന്യജനങ്ങളുടെ നില അധഃപതിച്ചുകൊണ്ടിരുന്നു എന്നുതന്നെ പറയാം. അവരുടെ സ്ഥലങ്ങൾ പ്രഭുക്കന്മാർ കൈവശപ്പെടുത്തുകയും അവരുടെ പുത്രന്മാരെ സൈന്യത്തിൽ ചേർത്തു റോമിലേക്കു് അയക്കുകയും ചെയ്യുവന്നു. റോമിനു പുറത്തു താമസിച്ചുകൊണ്ടിരുന്നവർക്കു വോട്ടുചെയ്യാനുള്ള അവകാശം ഉണ്ടായിരുന്നെങ്കിലും അതിൽ പങ്കെടുക്കാനോ സ്ഥാനാർത്ഥികളായി നില്ക്കാനോ അവർക്കു സൌകര്യപ്പെട്ടിരുന്നില്ല. അതിനാൽ നഗരത്തിൽ താമസിച്ചുകൊണ്ടിരുന്നവർതന്നെ ഭരണം മുഴുവനും നടത്തിക്കൊണ്ടിരുന്നു.

സാധുക്കൾക്കു ധാന്യം വിലകൂടാതെ കൊടുക്കുക എന്ന പതിവുണ്ടായിരുന്നു. അതിനാൽ സാധുക്കളും, ദുഷ്പ്രഭുക്കളും, മടിയന്മാരുമായ അനേകംപേർ റോമാനഗരത്തിലേക്കു് ആകൃഷ്ടിക്കപ്പെടുകയുണ്ടായി. ഇവരെ തൃപ്തിപ്പെടുത്തുന്നവരുടെ ഹിതമനുസരിച്ചു് ഓരോരോ സ്ഥാനങ്ങളിലേക്കു് അവരെ നയിക്കാമായിരുന്നു.

റോമാനഗരത്തിൽ വസിച്ചിരുന്നവർക്കു സാമ്രാജ്യത്തിന്റെ യഥാർത്ഥ ഭരണകർത്താക്കൾ തങ്ങൾ തന്നെയാണെന്നുള്ള ഒരു വിചാരമുണ്ടായിരുന്നു. അതു പരമാർത്ഥമായിരുന്നതാനും. നഗരത്തിനു പുറത്തു താമസിച്ചിരുന്നവരെപ്പറ്റി അവർക്കു പുച്ഛമുണ്ടായിരുന്നു. ഈ കാരണങ്ങളാൽ നഗരത്തിനു പുറത്തു താമസിച്ചിരുന്നവർക്കു പ്രഭുക്കന്മാരെപ്പറ്റി അസൂയയും പകയും ഉണ്ടായിത്തുടങ്ങി. പ്രജാധിപത്യഭരണംതന്നെ അവസാനിപ്പിക്കണമെന്നു് അവർ ആഗ്രഹിച്ചു. പകരം അധികാരം ഒരാളിനെ ഏല്പിച്ചു പ്രഭുക്കന്മാരുടെ ശക്തിയും അധികാരവും നശിപ്പിക്കണമെന്നുള്ളതായിരുന്നു അവരുടെ താല്പര്യം.

ഈ കാലത്തു് (ബി. സി. 6൮) റോമിൽ മൂന്നുപേർ ശക്തി പ്രാപിച്ചു. അവരിൽ പ്രഥമഗണനീയൻ അന്നത്തെ ഏറ്റവും വലിയ സൈന്യാധിപനായിരുന്ന പോംപേ ആയിരുന്നു. ക്രാസസ്സു് എന്ന ഒരുവനായിരുന്നു രണ്ടാമൻ. അദ്ദേഹം റോമ്മാനഗരത്തിലെ ഏറ്റവും വലിയ ധനികനായിരുന്നു. മൂന്നാമൻ ജൂലിയസ്സു് സീസർ ആയിരുന്നു. അന്നു് അദ്ദേഹത്തിനു 4൦ വയസ്സായിരുന്നു പ്രായം. സ്പെയിൻരാജ്യവുമായി നടത്തിയ യുദ്ധങ്ങളിൽ നേടിയ വിജയം നിമിത്തമാണു് അദ്ദേഹം പ്രസി

ഡനായിത്തീർന്നു. പൊതുജനങ്ങൾ അദ്ദേഹത്തെ വളരെ സ്നേഹിച്ചിരുന്നു. ഒരു പ്രഭുകുടുംബത്തിലായിരുന്ന അദ്ദേഹം ജനിച്ചതു് എങ്കിലും അദ്ദേഹത്തിനു സാധുക്കളെ സംബന്ധിച്ചു എപ്പോഴും കരുതലും കരുണയും ഉണ്ടായിരുന്നു. അവർക്കായി ധാരാളം പണം അദ്ദേഹം ചെലവാക്കി. ഇതിന്റെയെല്ലാം ഫലമായി അദ്ദേഹത്തിനു വളരെ പണം കടം ഉണ്ടായി. ബി. സി. 50-ൽ, പോംപേയും ക്രാസസ്സും സീസറും ചേർന്നു പരസ്പരം സഹായിക്കണമെന്നുള്ള വ്യവസ്ഥ അടങ്ങിയ ഒരു ഉടമ്പടി ഉണ്ടാക്കി. അതു വളരെ രഹസ്യമായിട്ടാണു് സാധിച്ചതു്. ഭരണാധികാരം കൈവശപ്പെടുത്തണമെന്നു തന്നെയായിരുന്നു അവരുടെ ഉദ്ദേശം.

ബി. സി. 59–ൽ സീസർ കോൺസൽ ആയി തിരഞ്ഞെടുക്കപ്പെട്ടു. കാലാവധി കഴിഞ്ഞപ്പോൾ അദ്ദേഹം ഗോളിലെ ഗവണ്ണർ ആയി നിയമിതനായി. അഞ്ചു വർഷത്തേക്കാണ് അദ്ദേഹത്തെ നിയമിച്ചതു്. ഇപ്പോഴത്തെ ഫ്രാൻസ് ആയിരുന്നു ഗോൾ എന്ന രാജ്യം. ഗോളിലെത്തുന്നതിനു മുൻപു തന്നെ സീസറിന് അവിടുത്തെ ജനങ്ങളുമായി യുദ്ധത്തിൽ ഏർപ്പെടേണ്ടിവന്നു. അദ്ദേഹത്തിന്റെ റോമൻഭടന്മാർ അനേകം വിജയങ്ങൾ കരസ്ഥമാക്കി.

ഇറലിയുടെ വടക്കുഭാഗത്തുവച്ചു ബി. സി. 55–ൽ ക്രാസസ്സിനും പോംപേയ്ക്കുമായി സീസർ ഒരു സല്ക്കാരം നടത്തി. അവർ വീണ്ടും ചില പ്രധാന കാര്യങ്ങൾ നിശ്ചയിച്ചു. അഞ്ചു വർഷത്തേക്കുകൂടി സീസർ ഗോളിലേയും, പോംപേ സ്പെയിനിലേയും, ക്രാസസ്സ് ഇറലിക്കു കിഴക്കുണ്ടായിരുന്ന റോമൻസാമ്രാജ്യവിഭാഗത്തിന്റെയും ഗവണ്ണർമാരായിരിക്കേണ്ടതാണെന്നുള്ളതായിരുന്നു അവർ പ്രധാനമായി നിശ്ചയിച്ചതു്.

ഏകദേശം അഞ്ചു വർഷത്തേക്കുകൂടി സീസർ ഗോളിലെ ഗവണ്ണർ ആയിരുന്നു. ബി. സി. 54–ൽ ക്രാസസ്സ് മരിച്ചു. പിന്നീടു പോംപേയും സീസറും തമ്മിൽ പിണങ്ങുവാനിടയായി. പരമാധികാരം കൈവശപ്പെടുത്തണമെന്നുള്ളതായിരുന്ന ഓരോരുത്തരുടേയും മോഹം.

സീസർ ഗോളിൽ യുദ്ധങ്ങൾ നടത്തിക്കൊണ്ടിരുന്ന അവസരത്തിൽ പോംപേ റോമിൽ താമസിക്കുകയായിരുന്നു. സാമാന്യജനങ്ങളുടെ ആനുകൂല്യം സമ്പാദിക്കുവാൻ അദ്ദേഹം പലതും ചെയ്തു. പോമ്പേയുമായി ഒരു മത്സരമുണ്ടാകാതെ തരമില്ലെന്നുള്ള വസ്തുത സീസർ യഥാവസരം ഗ്രഹിക്കാതിരുന്നില്ല. അതിനാൽ അദ്ദേഹവും പൊതുജനങ്ങളെ തൃപ്തിപ്പെടുത്തുവാൻ യത്നിച്ചു.

കോൺസൽസ്ഥാനം ഒരുകൊല്ലത്തേക്കു പോമ്പേയ്ക്കു ലഭിക്കുകയുണ്ടായി. സെനറ്റിന്റെ പ്രത്യേക സ്വാധീനശക്തി പ്രയോഗിച്ചാണ് ഇപ്രകാരം ചെയ്തതു്. പോമ്പേയുടെ ആഗ്രഹപ്രകാരം പരമാധികാരം അദ്ദേഹത്തിനു ലഭിച്ചു. അദ്ദേഹം സീസറുമായുള്ള സഖ്യം ഉപേക്ഷിച്ചു പ്രഭുക്കന്മാരോടുകൂടി ചേർന്നു.

തന്നേക്കൂടി കോൺസൽ ആക്കണമെന്നു സീസർ ആവശ്യപ്പെട്ടു. അല്ലാത്തപക്ഷം തന്റെ ജീവൻ അപകടത്തിലാകുമെന്നു സീസർ കണ്ടു. അദ്ദേഹത്തിന്റെ ശ്രമഫലമായി തന്റെ സ്നേഹിതന്മാരും ഉണകാംക്ഷികളുമായ രണ്ടു പേർ ട്രിബ്യൂൺസ്ഥാനത്തേക്ക് ഉയർത്തപ്പെട്ടു. അവരിൽ ഒരുവൻ സീസറിന്റെ ഭാഗിനേയനായ മാർക്ക് ആന്റണി തന്നെ ആയിരുന്നു.

സീസർ തന്റെ സ്ഥാനം രാജിവയ്ക്കണമെന്നും സൈന്യത്തെ പിരിച്ചുവിടണമെന്നും സെനറ്റ് ആവശ്യപ്പെട്ടു. അല്ലാത്തപക്ഷം അദ്ദേഹത്തെ രാജ്യത്തിന്റെ പൊതുശത്രുവായി ഗണിക്കുന്നതാണെന്നും സെനറ്റ് അദ്ദേഹത്തെ അറിയിച്ചു. ട്രിബ്യൂൺസ് രണ്ടുപേരും ഈ ഉത്തരവിനെ തടഞ്ഞു. അതിന്റെ ഫലമായി അവർ ജീവരക്ഷയ്ക്കു വേണ്ടി റോമാനഗരം വിടേണ്ടിവന്നു. അവർ സീസറിന്റെ സന്നിധിയിൽ എത്തി.

മാർക്ക് ആന്റണിയിൽനിന്നു സീസർ വിവരമെല്ലാം മനസ്സിലാക്കി. അദ്ദേഹം സൈന്യത്തെയെല്ലാം കൂട്ടിവരുത്തി. സൈന്യം വന്നുചേരുന്നതിനു മുമ്പായി അദ്ദേഹം 5000 ഭടന്മാരോടുകൂടി റോമാ സംസ്ഥാനത്തു പ്രവേശിച്ചു. ഇതു യുദ്ധപ്രഖ്യാപനംചെയ്യുന്നതിനു സമമായിരുന്നു. മാർഗ്ഗമദ്ധ്യേ ഉണ്ടായിരുന്ന എല്ലാ നഗരങ്ങളിലും അദ്ദേഹത്തിനു ശരിയായ സ്വീകരണം ലഭിച്ചു. സൈന്യങ്ങളും ധാരാളമായി അദ്ദേഹത്തോടുകൂടി ചേർന്നുകൊണ്ടിരുന്നു. പോമ്പേയും സെനറ്റ് അംഗങ്ങളിൽ പലരും ഗ്രീസ്സിലേക്ക് ഓടിപ്പോവുകയും ചെയ്തു.

രണ്ടു മാസംകൊണ്ടു സീസർ ഇറലി മുഴുവനും കീഴടക്കി. അതിന്റെ ശേഷം ഗോതമ്പുകൃഷി ധാരാളമായി ഉണ്ടായിരുന്ന സിസിലി, സർഡിനിയാ എന്നി ദ്വീപുകളും ഉത്തരആഫ്രി

ക്കയും കൈവശപ്പെടുത്തി. 40 ദിവസംകൊണ്ടു സ്പെയിനും അദ്ദേഹത്തിന്റെ കീഴിലായി. എല്ലായിടത്തും അദ്ദേഹം ആളുകളുടെ ജീവനും ധനവും യാതൊരു ഹാനിയും കൂടാതെ രക്ഷിച്ചു.

ബി. സി. 48-ൽ അദ്ദേഹം ഗ്രീസ്സിലെത്തി പോമ്പേയുടെ സൈന്യത്തെ തോല്പിച്ചു. പിന്നീടു പോമ്പേ ഈജിപ്തിലേക്ക് ഓടിപ്പോയി. അവിടത്തെ രാജാവു് അദ്ദേഹത്തെ വധിക്കുകയും ചെയ്തു. സീസറിന്റെ പ്രീതി സമ്പാദിക്കുന്നതിനായിട്ടായിരുന്നു ഈജിപ്തിലെ രാജാവു പോമ്പേയെ വധിച്ചതു്.

സീസർ റോമാസാമ്രാജ്യം മുഴുവനേയും അധിപനായി തീർന്നു. രാജസ്ഥാനം അദ്ദേഹം സ്വീകരിച്ചില്ല. എന്നാൽ അദ്ദേഹം രാജസ്ഥാനത്തിനു ചേർന്ന വസ്ത്രം ധരിക്കുകയും നാണയങ്ങളിൽ തന്റെ രൂപം ചേർക്കുകയും ചെയ്തു. വളരെക്കാലം മുൻപു റോമിനെ ഭരിച്ചിരുന്ന ഏഴു രാജാക്കന്മാരുടെ പ്രതിമകളുടെ കൂട്ടത്തിൽ അദ്ദേഹത്തിന്റെ പ്രതിമയും ഉൾപ്പെടുത്തി. അദ്ദേഹത്തിന്റെ മരണംവരെ കോൺസൽ ആയി ഇരുന്നുകൊള്ളുവാൻ സെനറ്റ് അദ്ദേഹത്തെ അനുവദിച്ചു. ചുരുക്കിപ്പറഞ്ഞാൽ രാജാവു് എന്നുള്ള പേരു് അദ്ദേഹത്തിനില്ലായിരുന്നുവെന്നേ ഉള്ളു. അതനുസരിച്ചുള്ള സകല അധികാരങ്ങളും അദ്ദേഹത്തിനുണ്ടായിരുന്നു.

ഒരു സൈന്യാധിപൻ എന്ന നിലയിൽ സീസർ വലിയ ഒരു മഹാനായിരുന്നു. ഒരു ഭരണതന്ത്രജ്ഞൻ എന്നുള്ള നിലയിൽ അദ്ദേഹത്തിനുണ്ടായിരുന്ന സാമർത്ഥ്യം അതിൽ ഒട്ടും കുറവായിരുന്നില്ല. സാമ്രാജ്യത്തിൽപെട്ട സകല പൗരന്മാരെയും ഒരു ജാതിയായി യോജിപ്പിക്കണമെന്നുള്ളതായിരുന്നു അദ്ദേഹത്തിന്റെ ഉദ്ദേശം. ഇറ്റലിയും മറ്റു സംസ്ഥാനങ്ങളും തമ്മിൽ യാതൊരു വ്യത്യാസവും ഉണ്ടായിരിക്കാൻ പാടില്ലെന്നു് അദ്ദേഹം വാദിച്ചു. റോമാനഗരത്തിൽ വസിച്ചിരുന്ന അനേകായിരംപേർക്കു് അന്യരാജ്യങ്ങളിൽ കുടിയേറിപ്പാർക്കുന്നതിനുള്ള സൌകര്യം ഉണ്ടാക്കിക്കൊടുത്തു. ഗോത്രനിവാസികളായ ചിലർക്കും സെനറ്റിൽ അംഗങ്ങളായിരിക്കുവാനുള്ള അവകാശം അദ്ദേഹം നല്കി. ഏതു സംസ്ഥാനങ്ങളിൽപെട്ടവർക്കും റോമാ പൌരന്മാരായിരിക്കുവാനുള്ള അനുവാദവും അദ്ദേഹം നല്കുകയുണ്ടായി. അതനുസരിച്ചുള്ള സകല പദവികളും അദ്ദേഹം എല്ലാവർക്കും കൊടുത്തു. അദ്ദേഹം പഞ്ചാംഗം പരിഷ്ക്കരിച്ചു. ഒരു വർഷത്തിനു 365 ദിവസമുണ്ടായിരിക്കണമെന്നും നാലു കൊല്ലത്തിൽ ഒരിക്കൽ ഒരാണ്ടിനു 366 ദിവസമുണ്ടായിരിക്കണമെന്നും അദ്ദേഹം നിശ്ചയിച്ചു. ഇങ്ങനെയുള്ള പലപല പരിഷ്ക്കാരങ്ങളും നടപ്പിൽ വരുത്തുവാൻ അദ്ദേഹം ഉദ്ദേശിച്ചിരുന്നു. എന്നാൽ അദ്ദേഹത്തിന്റെ ആദർശങ്ങളും ഉദ്ദേശങ്ങളും പെട്ടെന്നു് അവസാനിക്കുവാനാണിടയായതു്. ബി. സി. 44 മാർച്ചു് 15-ാം തീയതി അദ്ദേഹം തന്റെ എതിരാളികളാൽ വധിക്കപ്പെട്ടു. അന്നു് അദ്ദേഹത്തിനു് 55 വയസ്സു മാത്രമേ പ്രായമുണ്ടായിരുന്നുള്ളു. അദ്ദേഹത്തിന്റെ വധവും അനന്തരസംഭവങ്ങളും സംബന്ധിച്ച വിവരങ്ങളടങ്ങിയ ഒരു നാടകം മഹാകവി ഷേക്സ്പീയർ എഴുതിയിട്ടുണ്ടു്. ജൂലിയസ്സു് സീസർ എന്നതത്രേ പ്രസ്തുത നാടകത്തിന്റെ പേരു്.

തന്റെ ജീവിതകാലത്തു് അദ്ദേഹത്തെക്കാൾ മഹാനായ ഒരാൾ ഇല്ലായിരുന്നു. അദ്ദേഹത്തെക്കാൾ മഹാനായ ഒരാൾ റോമിൽ ജനിച്ചിട്ടുണ്ടോ എന്നും സംശയിക്കേണ്ടിയിരിക്കുന്നു. എന്നാൽ അദ്ദേഹത്തിനു ശത്രുക്കൾ അസംഖ്യം ഉണ്ടായിരുന്നു. അദ്ദേഹത്തിന്റെ അധഃപതനത്തിനായി അവർ നിരന്തരം യത്നിച്ചുകൊണ്ടിരുന്നു. അവരിൽ ഒരുവനായിരുന്നു ബ്രൂട്ടസ്. സീസർ രാജാവാകാൻ ആഗ്രഹിച്ചു എന്നും, അദ്ദേഹത്തിന്റെ സാന്നിദ്ധ്യം റോമിനു് ആപല്കരമായിരുന്നു എന്നുമാണു് അയാൾ വിശ്വസിച്ചിരുന്നതു്. കോൺസൽ ആയിരുന്ന മാർക് ആന്റണി, കിരീടം സീസറിനു നല്കാമെന്നു പരസ്യമായി പറഞ്ഞതാണു്. അതു ജനങ്ങൾക്കു ഹിതകരമാകയില്ലെന്നു വിചാരിച്ചു സീസർ അതു് ഉപേക്ഷിച്ചു. കിരീടം വേണമെന്നു് അദ്ദേഹം അശേഷംപോലും ആഗ്രഹിച്ചില്ലാ എന്നു പറയാനും പാടില്ല.

സീസറിന്റെ മരണശേഷം മാർക് ആന്റണി, ഗായസ്സു് ഒക്റേവിയസ്സു്, മാർക്കസ് ലെപ്പിഡസ്സു് എന്നി മൂന്നുപേർ അധികാരം കരസ്ഥമാക്കാൻ ശ്രമിച്ചു. സീസറിന്റെ കാലത്തു നടന്നതുപോലെയുള്ള ഒരു മത്സരം ഇവർ തമ്മിൽ ഉണ്ടായി. ഒടുവിൽ ഒക്റേവിയസ്സു് വിജയം പ്രാപിച്ചു. അതോടുകൂടി അദ്ദേഹം റോമാസാമ്രാജ്യത്തിന്റെ ഏകാധിപതിയായിതീർന്നു. ബി. സി. 27-ൽ അദ്ദേഹം ചക്രവർത്തിയായിത്തീരുകയും ചെയ്തു.

കമ്പിത്തപാൽ

നിങ്ങൾ ആരെങ്കിലും, ഒരുപിധം വലിയ ഒരു പോസ്റ്റാഫീസിൽ പോയിട്ടുണ്ടെങ്കിൽ അവിടെ, റ്റ്, റ്റ്, എന്നുള്ള ശബ്ദം കേട്ടിട്ടുണ്ടാവും. പെട്ടിയിൽനിന്നും ഇലക്ട്രിക്ക് കമ്പിപോലെ ഒന്നോ രണ്ടോ കമ്പികളും ആഫീസിനകത്തു കാണും; പെട്ടിയിൽ തുണിന്മേൽ ഒരു കമ്പി എങ്ങോട്ടെന്നോ പുറമെ ദൂരം നീണ്ടു കിടക്കുന്നതായും കാണാം. ഈ ക്രമീകരണങ്ങൾ പോസ്റ്റാഫീസിൽ ഉണ്ടായിട്ടാണ് നാം 'കമ്പി' കിട്ടി എന്നു പറയുന്നത്. ആയതുകൊണ്ട് ഇത്തരം കമ്പിയുള്ള ആപ്പീസിനു 'കമ്പിയാപ്പീസ്' എന്നു പറയുന്നു.

സന്ദേശങ്ങൾ ഇങ്ങനെ അയക്കാം എന്നു കണ്ടുപിടിച്ചതു സാമുവൽ മോഴ്സ് എന്നു പേരായ ഒരു അമേരിക്കൻ ആണ്. ചെറുപ്പത്തിൽ തന്നെ ഇദ്ദേഹം പെയിൻറിങ്ങ് പഠിക്കുന്നതിനായി ഇംഗ്ലണ്ടിലേക്കു പോയി. പഠിത്തശേഷം 1815—ൽ അമേരിക്കയിലേക്കു യാത്രയായി. അവിടെ അദ്ദേഹം പ്രശസ്തിയേറിയ ഒരു ആർട്ടിസ്റ്റായിട്ടു കാലം കഴിച്ചു. നല്ല ആദായവും അദ്ദേഹത്തിനു കിട്ടി. വലിയ ആശകൾ ഉള്ളവനായിരുന്നതുകൊണ്ടു മോഴ്സ് (Morse) പിന്നും പഠിത്തത്തിനായിട്ട് ഇംഗ്ലണ്ടിലേക്കു തിരിച്ചു.

അദ്ദേഹം ഇംഗ്ലണ്ടിലേക്കു പോയ കപ്പലിൽ ഡാക്ടർ ജാക്സൺ എന്നു പേരുള്ള ഒരു യാത്രക്കാരൻ ഉണ്ടായിരുന്നു. വിദ്യുച്ഛക്തി സംബന്ധിച്ചു നടത്തപ്പെട്ടിരുന്ന ചില പരീക്ഷണങ്ങൾ അദ്ദേഹം കണ്ടിട്ടുണ്ടായിരുന്നു. കമ്പിയിൽക്കൂടി അത്യധികമായ വേഗതയിൽ വൈദ്യുതപ്രവാഹം ഉണ്ടാകും എന്നു മോഴ്സ്, അദ്ദേഹത്തിൽനിന്നു മനസ്സിലാക്കി. "അങ്ങനെയാണെങ്കിൽ ശബ്ദത്തെ എന്തുകൊണ്ടു കമ്പിയിൽക്കൂടി അയക്കുവാൻ സാധിക്കുകയില്ല" എന്നു മോഴ്സ് തന്നോടുതന്നെ ചോദിച്ചു.

മോഴ്സ് ന്യൂയോർക്കിൽ തിരികെച്ചെന്നു. അവിടത്തെ സർവ്വകലാശാലയിൽ ഒരു പ്രഫസ്സറായി മോഴ്സ് നിയമിക്കപ്പെട്ടു. അവിടെവച്ചു തൻറെ റെലഗ്രാഫ് പൂർത്തിയാക്കുന്നതിന് അദ്ദേഹം അക്ഷീണപരിശ്രമം ചെയ്തു. അദ്ദേഹത്തിൻറെ ശബ്ദവും മുഴുവൻതന്നെയും, ഇതിൻറെ ചിലവിലേക്ക് അദ്ദേഹം വിനിയോഗിച്ചു. അദ്ദേഹത്തിൻറെ പെയിൻറിങ്ങ് സ്റ്റുഡിയോയുടെ മുകളിൽതന്നെ അദ്ദേഹം ഒരു ചെറിയ വർക്ക്ഷോപ്പ് സ്ഥാപിച്ചു പരീക്ഷണങ്ങൾ നടത്തി.

അദ്ദേഹത്തിൻറെ പരിശ്രമഫലമായി ഒടുവിൽ അദ്ദേഹം അതു കണ്ടുപിടിച്ചു. എന്നാൽ ഏതു രീതിയിലാണ് സന്ദേശം അയക്കേണ്ടതു് എന്ന് ഒരു പ്രയാസം വന്നുകൂടി. അതിനായിട്ട് ഒരു വിദ്യ അദ്ദേഹം കണ്ടുപിടിച്ചു. അതിനു വരയും കുത്തും (Dash and Dot) എന്നാണ് പറയുന്നതു്. A എന്നുള്ള അക്ഷരത്തിന് ഒരു കുത്തും ഒരു വരയും. B യ്ക്ക് ഒരു വരയും മൂന്നു കുത്തും. ഇങ്ങനെ ശേഷം അക്ഷരങ്ങൾക്കും. ഈ വിദ്യതന്നെയാണ് ഇന്നത്തെ കമ്പിയാപ്പീസുകളിലും ഉപയോഗിക്കുന്നതു്. ഇതിൻറെ ശബ്ദമാണ് നാം കമ്പിയാപ്പീസിൽ റ്റ്, റ്റ്, എന്നു കേൾക്കുന്നതും.

ഇത്രയുമായിട്ടും മോഴ്സിൻറെ കണ്ടുപിടുത്തം അന്യർക്കു സമ്മതമായില്ല. എല്ലാവർക്കും കാണത്തക്കവിധത്തിൽ അതു് എവിടെയെങ്കിലും സ്ഥാപിക്കണമെന്നു മോഴ്സ് തീച്ചയാക്കി. അദ്ദേഹത്തിന് ആൽഫ്രഡു വെയിൽ (Alfred Vail) എന്നു പേരായ ഒരു സ്നേഹിതൻ ഉണ്ടായിരുന്നു. ഇദ്ദേഹം ഒരു വലിയ ധനികൻറെ മകനായിരുന്നു. ഇദ്ദേഹത്തിൻറെ സഹായംകൊണ്ട് അവിടെ ഒരു കമ്പിയന്ത്രം സ്ഥാപിക്കുവാൻ മോഴ്സിനു സാധിച്ചു. ആപ്പീസു തിരുകഴിഞ്ഞപ്പോൾ ആൽഫ്രഡു വെയിലിൻറെ അച്ഛൻ മോഴ്സിൻറെ കണ്ടുപിടുത്തം കാണുവാൻ വന്നു. അതിൻറെ സാധ്യത കണ്ടിട്ടു മോഴ്സിനു വേണ്ട സഹായം അദ്ദേഹം വാഗ്ദാനംചെയ്തു.

മോഴ്സിൻറെ ഭാഗ്യോദയം ഇതുപര്യന്തം ഉണ്ടായില്ല. വാഷിംഗ്ടണിൽനിന്നും ബാൾട്ടിമോറിലേക്ക് ഒരു 'കമ്പി' ഇടുവാൻ, ഏഴായിരം പവൻ, അഞ്ചു കൊല്ലത്തിനുശേഷം അമേരിക്കൻ ഗവർമ്മെൻറു് അനുവദിച്ചു. പത്തു കൊല്ലത്തിനു ശേഷം മാത്രമാണ് പണി ആരംഭിച്ചതു്.

മോഴ്സിനിപ്പോൾ അമ്പതു വയസ്സോളം പ്രായമായി. ആയുസ്സിൻറെ മുഖ്യപങ്കും താൻ ഈ കണ്ടുപിടുത്തത്തിനായിട്ടു വിനിയോഗിച്ചു. അതിനായി അദ്ദേഹം, കഷ്ടതയും, പട്ടിണിയുംകൂടെ അനുഭവിക്കേണ്ടതായി വന്നു. അതുകൊണ്ടു വാഷിംഗ്ടൺ—ബാൾടിമോർ കമ്പിസപ്പീസ് ഉൽഘാടനസമയത്തു് എന്തൊരു സന്തോഷമായിരുന്നു മോഴ്സിനുണ്ടായിരുന്നതു്. അമേരിക്കൻ പ്രസിഡണ്ടും, മറ്റു് അമേരിക്കൻ

മഹാന്മാരും ആ സന്ദർഭത്തിൽ ആഗതരായിരുന്നു. 'What hath God wrought' എന്ന സന്ദേശം അവർ ആദ്യമായി അയച്ചു. അങ്ങനെ റെലഗ്രാഫ് ഒരത്ഭുതമായി എല്ലാവരും വിചാരിച്ചു.

മോഴ്സ് ഇതിനകം വലിയ ധനികനായിത്തീർന്നു. അമേരിക്ക മുഴുവൻതന്നെയല്ല ലോകം മുഴുവനും കമ്പിസന്ദേശം പടർന്നു.

ആരോഗ്യപംക്തി

1. ശുദ്ധജലം



എപ്പിടെയായാലും ശുദ്ധജലം കുടിക്കേണ്ടത് അത്യാവശ്യമാണ്. ഉഷ്ണമേഖലയിൽ അതു പ്രത്യേക പ്രധാനവുമത്രെ. പതിവായി ശുദ്ധജലം കുടിക്കുന്നവർ ദിവ്യായുസ്സുള്ളവരായിരിക്കുമെന്നുള്ളതിനു തെളിവുകൾ ഉണ്ട്. ഒരു കൊച്ചു കുട്ടി ഒരു ദിവസം രണ്ടു കപ്പു വെള്ളമെങ്കിലും കുടിക്കണം. കുടിക്കുന്ന വെള്ളം ഏറ്റവും പരിശുദ്ധമായിരിക്കണമെന്നുള്ളതു നിർബ്ബന്ധമായി ഓർക്കേണ്ട കാര്യമാണ്. കുടിക്കാനുള്ള വെള്ളം തിളപ്പിക്കുന്നതു നന്നായിരിക്കും. വെള്ളത്തിൽ കാണാനിടയുള്ള രോഗാണുക്കളെ മാറ്റാനുള്ള ഉത്തമ മാർഗ്ഗമാണത്. കോളറാ, വയറുകടി മുതലായ സാംക്രമിക രോഗങ്ങളെ തടയുകയാണു നാം അതുമൂലം ചെയ്യുന്നതെന്നുള്ളതു മറക്കരുത്.

---

2. ഇരുമ്പ് ആരോഗ്യത്തിനു ഗുണകരം

ഇരുമ്പിന്റെ അംശമാണു നമ്മുടെ രക്തത്തിനു ചുവപ്പുനിറം കൊടുക്കുന്നത്. ഈ നിറം കൊടുക്കുന്ന ഗ്രന്ഥികൾ ആറാഴ്ചയിലൊരിക്കൽ പുതുക്കപ്പെടാതിരുന്നെന്നു ഡോക്ടറന്മാർ അഭിപ്രായപ്പെടുന്നു.

ഈ ഗ്രന്ഥികൾ പുതുക്കപ്പെടുമ്പോൾ ആവശ്യമുള്ളിടത്തോളം ഇരുമ്പു ലഭിക്കാത്തപക്ഷം ദേഹം വിളറി വരുന്നതാണ്. അങ്ങനെയുള്ള ആളിനു പിത്തവ്യാധി പിടിപെട്ടു എന്നു നാം പറയുന്നു. കരുത്തനും ഉള്ള ആളുകൾക്കു പിത്തമുണ്ടോ എന്നു നിശ്ചയിക്കുന്നതിനു കൺപോളകളുടെ അകവശമോ മോണയോ പരിശോധിച്ചാൽ മതി. പ്രസ്തുത ഭാഗങ്ങൾക്കു വെളുപ്പുനിറം ഉണ്ടെങ്കിൽ അങ്ങനെയുള്ള ആൾ പിത്തരോഗിയാണെന്നു നിശ്ചയിക്കാം. ആ ഭാഗങ്ങൾ നല്ലതുപോലെ ചുവന്നിരിക്കേണ്ടതാണ്. പിത്തരോഗികൾക്കു പൊടുന്നനെ കലശ്ശൽ ഉണ്ടാകും. രക്തത്തിന്റെ ശക്തിഹീനത നിമിത്തം അങ്ങനെയുള്ളവർക്കു വേണ്ടുവോളം പ്രാണവായു സഞ്ചരിക്കുവാൻ സാധിക്കുന്നതല്ല.

ഇൻഡ്യാക്കാരിൽ പലരും പിത്തരോഗികളാണെന്നു പറയാം. ഇരുമ്പിന്റെ അംശങ്ങൾ അടങ്ങിയ പദാർത്ഥങ്ങൾ അവരുടെ ഭക്ഷണത്തിൽ കുറവാണെന്നാണ് അതിന്റെ അർത്ഥം. സ്ത്രീകളും കുഞ്ഞുങ്ങളും ഇരുമ്പിന്റെ അംശമുള്ള പദാർത്ഥങ്ങൾ കൂടുതലായി ഭക്ഷിക്കേണ്ടതാണ്. പുരുഷന്മാർക്ക് അത്രത്തോളം ആവശ്യമില്ല.

ശോതമ്പിന്റെ തവിട്, പരിപ്പ്, പയർ, അമര, ശോതമ്പ്, കടുക്, പച്ചില, ഉള്ളി, തക്കാളിക്കാ മുതലായവയിൽ ഇരുമ്പിന്റെ അംശങ്ങൾ ധാരാളമുണ്ട്.

ബാലപംക്തി

നീതിവിധി

അന്നും അദ്ദേഹം വിചാരശീലക്കാരനായിരുന്നു. നേരം ഉച്ച കഴിഞ്ഞു. കൊട്ടുംപെയിലിൽ വിശ്രമിച്ചിരുന്ന പക്ഷിമൃഗാദികൾ ഇനിയും അവയുടെ സ്ഥാനം പിടിച്ച് ഇര തേടാൻ മുതിർന്നിട്ടില്ല. മനോരാജ്യത്തിൽ മുഴുകി പൂന്തോട്ടത്തിലുള്ള മരത്തണലിൽ അങ്ങനെ ഇരിക്കയാണ്. ഗൌതമകുമാരൻ, അപ്പോൾ കേൾക്കായി, ഒരു കൈതോക്കിന്റെ ഠിംകാരം. കുമാരൻ ഞെട്ടി ഉണർന്നു. മിഴിയിണതാനേ വിടർന്നു; ഹാ! എന്താണ് കാണുന്നത്.

"ചോരുന്ന ചെഞ്ചോര തുടർന്നു, കഷ്ടം!
താരും തലോടും തൻ തുള്ളിടുന്നു."

നിണമൊഴുകി നനഞ്ഞ പൊലിഞ്ഞ ചിറകുകൾ ഇട്ടടിച്ചുകൊണ്ട് ഒരു അരയന്നപ്പക്ഷി മുൾച്ചെടികളിൽ കിടന്നു പിടയ്ക്കുന്നു. അനുകമ്പാർദ്രനായ ദേവൻ ഈ ദൈന്യം അധികനേരം കണ്ടുനിൽക്കാനുള്ള ശക്തിയില്ലാത്തവനാണ്. പിന്നിട്ട വിശാ മുഴുവൻ പടർന്ന കരുണാവല്ലിയുടെ വിത്ത് ആ ദിവ്യന്റെ അന്തരംഗത്തിൽ അങ്കുരിച്ചു. കുമാരൻ രണ്ടുമൂന്നു ചാട്ടത്തിനു മുന്നു നാലു ദണ്ഡ് അകലത്തിലെത്തി. ചുവന്ന മഷി വീണ നനഞ്ഞ പഞ്ഞിശ്ശകലം പോലെയായ ആ പക്ഷിയെ ബന്ധപ്പെട്ടു മുള്ളിനിടയിൽനിന്നെടുത്തു. അതിന്റെ ശരീരത്തിൽ തറച്ചിരുന്ന ചെറിയ ബാണം ദയാലു പെട്ടെന്ന് ഊരി; പിരിഞ്ഞ പുക്കളിൽ നിറഞ്ഞിരുന്ന തേൻ എടുത്ത് മുറിപാട്ടിൽ പുരട്ടി; അതിനെ വാത്സല്യത്തോടെ തലോടിക്കൊണ്ടു കുമാരൻ തന്റെ ആസ്ഥാനത്തിരുന്നു. അല്പംകഴിഞ്ഞപ്പോൾ അതിന് ആശ്വാസം കിട്ടി എന്നു തോന്നുകയാൽ 'നിന്റെ ഇഷ്ടംപോലെ പൊയ്ക്കൊള്ളുക' എന്ന് അനുവദിച്ചുവിട്ടു. എന്നാൽ നീച്ചാലു വിട്ടു പോകുവാൻ മീനിന് ഇഷ്ടമുണ്ടാകുമോ? ആ സ്നേഹമുള്ള പക്ഷി തിരുമേനിയുടെ ചുറ്റും മാത്രമല്ല പട്ടാംബരത്തിലും കാൽപ്പാടുകളുകുന്ന പുതുമലരുകൾ വിരിച്ചു. ദേവന്റെ ഹൃദയം വാത്സല്യത്താൽ അലിഞ്ഞു. അതാ പെട്ടെന്ന് ഒരു ഭൃത്യൻ വന്നെത്തി. കുമാരന്റെ അടുത്ത ബന്ധത്തിൽ പെട്ട ദേവദത്തൻ അമ്പെയ്തു വീഴ്ത്തിയതാണ് പക്ഷിയെ. ഈ പക്ഷിയെ ദേവദത്തന്റെ കല്പന അനുസരിച്ചു കൊണ്ടുപോകാനാണ് ഭൃത്യൻ വന്നത്. കുമാരനും ഭൃത്യനും തമ്മിൽ ലഘുവായ ഒരു വാഗ്വാദത്തിനു ഉണ്ടായി. പോകാത്ത പക്ഷിയെ വിട്ടയക്കാൻ സ്നേഹപരവശൻ വിസമ്മതിച്ചു. ഭൃത്യൻ മടങ്ങി. വിവരമറിഞ്ഞു ദേവദത്തൻ കോപാകുലനായി രാജസന്നിധിയിലേക്കു ഓടി. ആവലാതിപ്പെട്ടു. നീതിനിഷ്ഠനായ രാജാവിന്റെ ഉള്ളിൽ പുത്രവാത്സല്യവും നിയമവും തമ്മിൽ പോരാടി. മകന്റെ മനസ്സു വേദനപ്പെടാതെ നിയമം പാലിക്കാൻ ഉള്ള വഴി അദ്ദേഹം കണ്ടെത്തിയില്ല. ഒടുവിൽ ഈ ചെറിയ സംഗതി അല്പെങ്കിൽ ഈ വലിയ സംഗതി അദ്ദേഹം മന്ത്രിസഭയുടെ ആലോചനയ്ക്കായി വിട്ടു. ബുദ്ധിമാന്മാരായ മന്ത്രിമാർക്കും ഒരു പോംവഴി തോന്നിയില്ല. അവർ വിഷമിച്ചു. മന്ത്രിമണ്ഡപത്തിന്റെ മുമ്പിൽ ഒരു കിഴവൻ യദൃച്ഛയാ സ്ഥാനം പിടിച്ചിരുന്നു. മന്ത്രിമാരുടെ വിഷമതയിൽ മനസ്സലിഞ്ഞവനെന്നപോലെ അദ്ദേഹം ഒരു പദ്യം ചൊല്ലി.

"വിലക്കു കിട്ടാത്തതു, വിട്ട കൂട്ടിൽ
വീണ്ടും കടക്കാത്തതു; രൂപകാമ്യം;
ബലത്തിലജ്ജീവനെ നിഗ്രഹിപ്പാൻ
ബലൻ ശ്രമിക്കുന്നു ഗുണി കാക്കുവാനും."

ശരി ശരി, പക്ഷി ചത്തിരുന്നെങ്കിൽ ദേവദത്തനു കൊടുക്കണം. ഇല്ല കുമാരൻ അതിന്റെ ജീവനെ രക്ഷിച്ചു. അതുകൊണ്ടു പക്ഷിയെ സംബന്ധിച്ച അവകാശം കുമാരനാണ്. ദേവദത്തന്റെ ആവലാതി സാധുവല്ല.

വിധി തിരുമുമ്പിൽ ഉണർത്തിക്കാൻ കിഴവനോടുകൂടിത്തന്നെ പോകാൻ അവർ നിശ്ചയിച്ചു. പക്ഷേ കിഴവനെ കാണ്മാനില്ല.

രാജാവു സംതൃപ്തനായി. ജീവനെ നിഗ്രഹിക്കാൻ നിഷ്പ്രയാസം ആർക്കും കഴിയും. എന്നാൽ അതു ഉണ്ടാക്കാൻ ഒരുവനും സാധിക്കുന്നില്ല. അതിനാൽ ജീവന്റെ രക്ഷിതാവിനാണ് ജീവിയെ സംബന്ധിച്ച അധികാരവും അവകാശവും എന്നുള്ള വിധി എത്രയും നീതിപൂർവ്വമാണ് എന്ന് അദ്ദേഹം അഭിനന്ദിച്ചു.

(മുത്തൂർ ആർ. രാമചന്ദ്രൻനായർ)

കൊച്ചുകുഞ്ഞിനെ വായിച്ചു കേൾപ്പിക്കാൻ

അമ്മുവും ലീലയും.

അമ്മുവും ലീലയും വലിയ സ്നേഹിതരായിരുന്നു. അവരുടെ മാതാപിതാക്കളും മുൻപുതന്നെ അടുത്ത പരിചയക്കാരായിരുന്നതുകൊണ്ടു കുട്ടിക്കാലംമുതലേ അമ്മുവും ലീലയും ഒരുമിച്ചായിരുന്നു കളിച്ചുവന്നതു്.

അവർ വളർന്നു രണ്ടുപേരും ആറു വയസ്സു പീതം പ്രായമുള്ള വലിയ കുട്ടികളായി. ഒരു ദിവസംതന്നെ അവർ പാഠശാലയിൽ ചെന്നുചേർന്നു. മിക്കവാറും ഒരേതരത്തിലുള്ള ഉടുപ്പാണു് അവർ ഇടുന്നതു്. അമ്മു നീലഉടുപ്പാണ് ഇടുന്നതെങ്കിൽ, ലീല നിപ്പത്തിയുണ്ടെങ്കിൽ പച്ച ഉടുപ്പു് ഇടുകയില്ല. ഇതുമൂലം അവരുടെ അമ്മമാർ അവക്കു രണ്ടുപേക്കും ഒരേവിധത്തിലുള്ള ഉടുപ്പുകൾ തൈച്ചുകൊടുത്തു. രണ്ടുപേരുംകൂടി ഒരേനിറത്തിലുള്ള ഉടുപ്പും ഇട്ടു പള്ളിക്കൂടത്തിൽ പോകുന്നതുകണ്ടാൽ അവർ ഇരട്ടക്കുട്ടികൾ ആണെന്നു മാത്രമേ അവരെ അറിയാത്തവർ പറയൂ.

ഒരുദിവസം ലീലയുടെ ബോമ്പെയിലുള്ള അപ്പൂപ്പന്റെ കൊച്ചമ്മ അത്ഭുതകരമായ ഒരു പാവയെ അയച്ചുകൊടുത്തു. അതു വന്ന പെട്ടി തുറന്നു നോക്കിയപ്പോൾ അതിനു നല്ല കറുത്ത തലമുടിയുണ്ടു്. ചീകി, പിന്നിക്കെട്ടുവാൻ തക്ക നീളം ആ മുടിക്കുണ്ടു്. താനെ അതു കണ്ണു തുറക്കുകയും അടയ്ക്കുകയും ചെയ്യും. ആരെങ്കിലും അതിനെ നിർബ്ബന്ധമായി ഞെക്കി ഉപദ്രവിച്ചാൽ, അതു് 'അമ്മേ!' എന്നു പറഞ്ഞു കരയും. വാസ്തവത്തിൽ അതു വളരെ അത്ഭുതകരമായ ഒരു പാവതന്നെ ആയിരുന്നു.

ദിവസവും രാവിലെ അമ്മുവും ലീലയുംകൂടി അതിന്റെ തലമുടി ചീകി പിന്നി, ഒരു റിബൺ കെട്ടും. മുടിയിൽ ചെറിയ പൂക്കളോ മറ്റോ വെച്ചു മോടി പിടിപ്പിക്കും. അവർ രണ്ടുപേരുംകൂടിയാണു് അതിനെ എപ്പോഴും കുളിപ്പിക്കയും ഉറക്കുകയും ചെയ്യുന്നതു്.

ഒരിക്കൽ അവർ രണ്ടുപേരുംകൂടി കളിച്ചുകൊണ്ടിരിക്കുമ്പോൾ അമ്മുവിന്റെ അമ്മൂൻ അവിടെ വന്നു. നിങ്ങൾ ആ പാവയെ നിലത്തു വെച്ചാൽ മതിയോ? അതിനെ കിടത്തുവാൻ ഒരു ചെറിയ കട്ടിലും, അതിനെ ഇരുത്തുവാൻ കുറേ ചെറിയ കസേരകളും, ഒരു ചെറിയ മേശയും പണിയിച്ചുതരാം. അദ്ദേഹം പറഞ്ഞതുപോലെ തന്നെ രണ്ടുദിവസത്തിനകം, ഒരു ചെറിയ കട്ടിലും, രണ്ടു ചെറിയ കസേരയും, ഒരു ചെറിയ മേശയും പണിയിച്ചുകൊടുത്തു. മുമ്പിലത്തെപ്പോലെ തന്നെ അമ്മുവും ലീലയും കൂടി ഒരുമിച്ചു കളിച്ചു രസിച്ചു ജീവിച്ചു. ലീലയുടെ മാതാവു് അവക്കു് ഒരു കൊച്ചു തുടക്കപ്പാ കൊടുത്തു. അവർ രണ്ടുപേരുംകൂടി മേശയ്ക്കു് ഒരു നല്ല വിരിയും, കസേരയ്ക്കു കൊച്ചുകൊച്ചു കുഷ്യനും ഭംഗിയായി തൈച്ചു. രണ്ടുപേരുംകൂടി കടയിൽ പോയി രണ്ടുമൂന്നു ചെറിയ കോപ്പയും, സോസറും, ഒരു ചെറിയ ജഗ്ഗും ഒക്കെ വാങ്ങിക്കൊണ്ടു വന്നു.

ചിലപ്പോൾ ലീലയും അമ്മുവുംകൂടി പാവയേയും, പാവയ്ക്കു കിടക്കുവാനുള്ള കട്ടിലും, മേശയും, കസേരയും, പാത്രങ്ങളും എല്ലാം എടുത്തുകൊണ്ടു് അമ്മുവിന്റെ വീട്ടിൽ പോയിരുന്നു കളിക്കും. ചിലപ്പോൾ ലീലയുടെ വീടിന്റെ മുറ്റത്തുള്ള മാവിന്റെ ചുവട്ടിൽ ഇരുന്നു കളിക്കും. പക്ഷേ എവിടെആയാലും അവർ രണ്ടുപേരുംകൂടെ ഒന്നിച്ചാണ്. ആ പാവയും അതിന്റെ കട്ടിലും കസേരയും മേശയും എല്ലാം ആരുടെ എങ്കിലും ഒരാളുടെ സ്വന്തം എന്നു വിചാരിച്ചില്ല. രണ്ടുപേരുടെയുംകൂടെയാണെന്നാണ് അവർ വിചാരിച്ചിരുന്നതു്.

ഒരിക്കൽ അവർ കളിച്ചുകൊണ്ടിരുന്നപ്പോൾ അവർ വഴക്കുണ്ടാക്കി. ആരാണു് പാവയെ കുളിപ്പിക്കേണ്ടതു് എന്നു തർക്കമുണ്ടായി. രണ്ടുപേരും അവരവർ കുളിപ്പിക്കണമെന്നു പറഞ്ഞു. അവർ തർക്കിച്ചു തർക്കിച്ചു് ഒടുവിൽ വഴക്കായി കലാശിച്ചു. അവർ തമ്മിൽ തമ്മിൽ മിണ്ടാതേകേടായി സംസാരിച്ചു. അങ്ങോട്ടും ഇങ്ങോട്ടും കല്ലെടുത്തെറിയുവാൻ ആരംഭിച്ചു. അയൽപക്കത്തുള്ള കുട്ടികൾ ഇതു കണ്ടു ചിരിച്ചുകൊണ്ടു നിന്നു. ലീല, ലീലയുടെ പാവയേയും, അമ്മു അവളുടെ സാമാനങ്ങളും എടുത്തു. "തീച്ചയായും ഞാൻ ലീലയോടു് ഇനിയും ഒരിക്കലും സംസാരിക്കയില്ല" എന്നു് അമ്മുവും, "നിശ്ചയമായും ഞാൻ അമ്മുവിനോടു് ഇനിയും ഒരിക്കൽപോലും മിണ്ടുകയില്ല" എന്നു ലീലയും പറഞ്ഞു. രണ്ടുപേരും തിരിഞ്ഞുനോക്കാതെ അവരവരുടെ വീട്ടിലേക്കു പോകുകയും ചെയ്തു.

ഏകദേശം ഒരു മാസം കഴിഞ്ഞു. ലീല തന്നെ വിട്ടിൽ ഇരുന്ന പാവയെ കളിപ്പിച്ചു. പക്ഷേ അതിനെ കിടത്തുവാൻ കട്ടിലും, ഇരുത്തുവാൻ കസേരയും, ഒന്നുമില്ലാതെ കളിച്ചാൽ എന്താണ് രസം. ക്ഷീണം തീർക്കുവാൻ ഒരു ക്ഷീണകാരത്തിയുംകൂടി ഇല്ലെങ്കിൽ പിന്നെ കളി കളിയാകയില്ലല്ലോ. അമ്മുവും വിട്ടിൽതന്നെ ഇരുന്നു കളിച്ചുനോക്കി. പക്ഷേ പാവയും ക്ഷീണകാരത്തിയുമില്ലാതെ കട്ടിലും, കസേരയും, മേശയുംകൊണ്ടു കളിച്ചാൽ എന്താണ് രസം.

രണ്ടുപേരുടേയും അമ്മമാർ ഇവർ തമ്മിലുള്ള വിരോധം കണ്ട് അതിശയിച്ചു. "അമ്മു! നിനക്ക് എന്തു പറ്റി?" എന്ന് അമ്മുവിന്റെ അമ്മ ചോദിച്ചു. "ലീലേ നിനക്കെന്തുപറ്റി? അമ്മു എന്താണ് ഇപ്പോൾ ഇവിടെ വരാത്തത്? നീ എന്താണ് അമ്മുവിന്റെ വിട്ടിൽ പോകാത്തത്?" എന്നു ലീലയുടെ അമ്മ ചോദിച്ചു.

"എന്നോട് അമ്മു വഴക്കുണ്ടാക്കി, എന്നെ ഉപദ്രവിച്ചു, കല്ലെടുത്തെറിഞ്ഞു. ഞാൻ ഇനിയും ഒരിക്കലും അമ്മുവിനോടു മിണ്ടുകയില്ല. ഞാൻ ഇനിയും ഒരിക്കലും അവളുടെകൂടെ കളിക്കുവാൻ പോകുകയില്ല", എന്നു ലീല പറഞ്ഞു.

ഈവിധത്തിൽതന്നെ അമ്മുവും അവളുടെ മാതാവിനോട് അവർ തമ്മിലുള്ള വിരോധത്തെപ്പറ്റി പറഞ്ഞു. ലീലയാണ് അവളോടു വഴക്കുണ്ടാക്കിയത് എന്നാണ് അമ്മുവിന്റെ അഭിപ്രായം. "ഞാൻ ഇനിയും എന്റെ കട്ടിലും കസേരയും മേശയും ഒരിക്കലും ലീലയ്ക്കു കളിക്കുവാൻ കൊടുക്കയില്ല" എന്ന് അമ്മു മാതാവിനോടു പറഞ്ഞു.


അങ്ങനെ ഇരിക്കുമ്പോൾ പള്ളിക്കൂടം അടച്ചു. ക്രിസ്തുമസ്സ് അവധി ആരംഭിച്ചു. ക്രിസ്തുമസ്സ് ദിനം അടുത്തടുത്തു വന്നു. എല്ലാ ആണ്ടിലും അവർക്ക് രണ്ടുപേർക്കും നല്ല രസമാണ്. പക്ഷേ ഈയാണ്ടിൽ അവർക്ക് ഒരു സന്തോഷവും തോന്നിയില്ല. കൂട്ടുകാരില്ലാത്തവർക്ക് എങ്ങനെയാണ് സന്തോഷം ഉണ്ടാകുക?

"പാവം ലീല! അവൾ ഈ മേശയും, കസേരയും മറ്റുമില്ലാതെ എങ്ങനെയാണ് പാവയെ കളിപ്പിക്കുന്നത്? ഞാൻ ആരും ഉണരുന്നതിനു മുൻപു് ആരും അറിയാതെ ഈ



സാമാനങ്ങൾ അവളുടെ മുറിയിൽ ക്രിസ്തുമസ്സ് സമ്മാനമായി വെച്ചിട്ടു പോരും" എന്ന് അമ്മു ചിന്തിച്ചു. അങ്ങനെ അമ്മു ആ സാമാനം എല്ലാം കൂടി ഒതുക്കിവച്ചു കെട്ടി അതിന്റെ പുറത്ത് "ലീലയ്ക്ക്" എന്നു വലിയതായിട്ടു് എഴുതി ലീലയുടെ വിട്ടിലേക്ക് അതിരാവിലെ തന്നെ തിരിച്ചു.

ഈ സമയത്തു ലീല എന്തുചെയ്യുകയായിരുന്നു എന്നു തോന്നുന്നു? ലീലയും അമ്മുവിനേപ്പോലെ ചിന്തിച്ചു. അമ്മുവിനു പാവയില്ലാതെ ഒരു രസവും കാണുകയില്ലെന്നു ലീലയ്ക്കു നിശ്ചയമായിരുന്നു. അതുകൊണ്ട് അവളുടെ പ്രിയപ്പെട്ട പാവയെ ലീലയ്ക്കു ക്രിസ്തുമസ്സ് സമ്മാനമായി കൊടുക്കുവാൻ നിശ്ചയിച്ചു. പാവയെ ഒരു കടലാസിനകത്തു പൊതിഞ്ഞു് "അമ്മുവിന്" എന്ന് അതിന്റെ പുറത്തു വലിപ്പത്തിൽ എഴുതി. ലീല ക്രിസ്തുമസ്സ് ദിനം അതിരാവിലെ അമ്മുവിന്റെ വീട്ടിലേക്കു തിരിച്ചു. അവരുടെ വഴിയുടെ മദ്ധ്യത്തിൽ ഒരു വലിയ വളവുണ്ടായിരുന്നു. ആ വളവു കഴിഞ്ഞപ്പോൾ രണ്ടുപേരും കൂട്ടിമുട്ടി, ഓരോരുത്തരും അവരവരുടെ സമ്മാനം നീട്ടിക്കൊണ്ടു്, "ഇതു ഞാൻ നിനക്കായി കൊണ്ടുവന്നതാണ്" എന്നു പറഞ്ഞു. അപ്പോൾ രണ്ടുപേരും പൊട്ടിച്ചിരിച്ചുപോയി. അവർ ചിരിച്ചു ചിരിച്ചു തല തല്ലി. കുറേശ്ശ കണ്ണുനീരും വന്നു. പക്ഷേ സന്തോഷംകൊണ്ടുള്ള കണ്ണുനീരായിരുന്നു അതു്.



"എന്നിക്കു
ഒരു
ബാലമിത്രം
വരുത്തി
തരണം."

ബാലമിത്ര സന്ദേശം

ബാലികാബാലരായുള്ളോരെൻ മിത്രങ്ങൾ
മിത്രമാമെന്നുടെ പത്രം കാൺകെ.
മിത്രമാം നിന്നുടെ—പത്രമാം എന്നുടെ
ചിത്രമെന്നുള്ളതു യാനന്ദമേകും.
ശ്രീയെഴും പാലസും—പൊന്നരിപ്പുട്ടക്കും
ധന്യരും ഖിന്നരുമൊപ്പമൊപ്പം.
കൂട്ടനാമെന്നെയ—ങ്ങേറവും അൻപോടെ
ചേർത്തങ്ങു ആശിഷമരുളുന്നു.
നോക്കുവിൻ കേൾക്കുവിൻ—എന്നുടെ രോഷണം
മന്നവർ മാണവർ ആയുള്ളോരെ,
പുംഗവ പുണ്യവാൻ—പത്രാധിപശ്രേഷ്ഠൻ
പത്രമാമെന്നേ പോറ്റിപുലർത്തി
പഞ്ചവർണ്ണമുകിൽ—പദ്യങ്ങൾ ഗദ്യങ്ങൾ
വിജ്ഞാനം ഹാസ്യകം വിനോദങ്ങൾ,
ഭീഷ്മകം ദേവഭക്തങ്ങൾ—പക്ഷിമൃഗാദികൾ
മത്സ്യങ്ങൾ എന്നതിൻ വർണ്ണനകൾ.
യുക്തിയാമസ്ത്രങ്ങൾ—സത്യചരിത്രങ്ങൾ
ഗതകങ്ങൾ സാരമാം ശാസ്ത്രങ്ങളും.
പാവനമായുള്ള—കർമ്മങ്ങൾ ധർമ്മങ്ങൾ
മർമ്മങ്ങളിത്യാദി കണ്ടു ചെയ്യുവിൻ.
ബുദ്ധിയുപദേശം—ശുദ്ധമാം ജീവിതം
ബോധ്യമാക്കിക്കൊണ്ടു മുക്തി നേടിൻ.
താതപൂജിപ്പിൻ—ദീനരെ താങ്ങുവിൻ
നാടിനുള്ളോടത്തെ തണ്ണീർ പായൽ.

നന്മ ചെയ്തീടുവിൻ—തിന്മയകറ്റിടിൻ
നിന്മനം ചേർത്തങ്ങു പിൻചെല്ലുക.
സൽപ്രവൃത്തികളിൻ—നൽഫലം ചിന്തിപ്പിൻ
സൽഗുണകാംക്ഷിയായി ജീവിച്ചിടിൻ.
പാപം വെടിഞ്ഞുള്ള—പാവന ജീവിതം
താപംക്രോതങ്ങു തേടിക്കൊൾവിൻ.
ബുദ്ധിക്ക ഭ്രഷ്ടണം—വിദ്യകൾ ശാസ്ത്രങ്ങൾ
സിദ്ധിച്ചു ധൈര്യമായി വർദ്ധിച്ചിടിൻ.
ക്രോധം ദുർമ്മോഹവും—രോദം ദുർബോധവും
ലോഭം ദുർവ്യാഗ്രഹം വിട്ടു നില്പിൻ.
ആണ്ടൊന്നു പോയല്ലോ—ആണ്ടങ്ങു പത്രം ഞാൻ
പൂണ്ടങ്ങു യവ്വനം കേസരിപോൽ.
പുരുഷക്കൊടിയേറി—പടയേല്പാൻ ഒരുങ്ങി
[ടിൻ
പൊരുതങ്ങു വിരഞ്ഞോടി ജയം നേടിൻ.
മാറൊലി കേട്ടാലും—മാറങ്ങൾ വന്നാലും
തോറ്റോടി പോകായ്കിൻ വീരന്മാരെ.
കാലങ്ങൾ പോകുന്നു—മാലഴൽ പൂകുന്നു
ചാലവേ വേലകൾ പാലിച്ചീടിൻ.
കാലമേ നിന്നങ്ങെൻ—ചങ്ങാതിമാരോടു
ചേലോടെ വിട വാങ്ങി ബാലമിത്രം.
തൽക്കാലം പോകുന്നു—പിൽക്കാലം വന്നിടാം
നല്ലൊരു നവവർഷം—നാല്പത്തിരണ്ടിൽ.

S. J.

Postal Reg. No. 1786. Reg. No. T. 17.



Printed and Published by C. V. Matthew at the C. M. S. Press, Kottayam